# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അതിയന്നൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022





കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: /190/2023 നം.കെ.എസ്.എ./റ്റി.വി.എം/ജി.പി3

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 24/02/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അതിയന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ./റ്റി.വി.എം/ജി.പി3 /190/2023 തീയ്യതി: 24/02/2023

## തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 37 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ ഗ്രേ) | 23-01-2023 | 31-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-01-2023 | 31-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശോശാമ്മ .എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി വിർജിൻ ഷീജ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അൻവർരാജ് .എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രഞ്ജിത്ത് .സി, ഓഡിറ്റർ
ശ്രീ. ദിനു .റ്റി.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുനിൽ കുമാർ .വി.പി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. റഹ്മത്തുള്ള .എ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ആശാറാണി .എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീലക്ഷ്മി | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ചിത്ര .കെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ജസ്റ്റിൻ ബേയ്സിൽ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 01-04-2021 | 31-03-2022 |
| ഡോ. ലേഖ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. അൻഡ ഹെൻഡ്രേഴ്സൺ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീ. കാർത്തികേയൻ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷീബ .സി.എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 17-11-2021 |
| ശ്രീമതി ഉഷാകുമാരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 18-11-2021 | 31-03-2022 |
| ശ്രീ. ഷിബു .റ്റി.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 01-07-2021 |
| ശ്രീമതി ഉഷ .സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 02-07-2021 | 31-03-2022 |
| ശ്രീമതി സന്ധ്യ .ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി അനശ്രീ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ലിഷ ജെയിംസ് | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 26-10-2021 |
| ശ്രീമതി ബീന .ആർ | ഹെഡ്മിസ്ട്രസ്സ് | 27-10-2021 | 31-03-2022 |
| ശ്രീ.റഹ്മത്തുള്ള.എ | സെക്രട്ടറി | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി ലേഖ.ഡി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | റിവൈസ്ഡ് ബഡ്ജറ്റ് ലഭ്യമാക്കിയില്ല | 1-1-1 |
| 3 | വാര്‍ഷിക ധനകാര്യ പത്രിക | 1-2 |
| 4 | വാര്‍ഷിക ധനകാര്യ പത്രിക-അപാകതള്‍ | 1-2-1 |
| 5 | ഗ്രാന്റ് വിനിയോഗം അപാകതകള്‍ | 1-3 |
| 6 | പദ്ധതി അവലോകനം | 1-4 |
| 7 | ക്ഷേമ പദ്ധതികള്‍ | 1-5 |
| 8 | സാമൂഹ്യ സുരക്ഷാ പെന്‍ഷന്‍ - മരണശേഷവും പെന്‍ഷന്‍ നല്‍കിയിരിക്കുന്നു. | 1-5-1 |
| 9 | പണം നീക്കിയിരുപ്പ് പരിശോധന | 1-6 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-8 |
| 12 | എന്‍.ആര്‍.ഇ.ജി.എസ് പദ്ധതി - പ്രവര്‍ത്തനാവലോകനം | 1-8-1 |
| 13 | വേതന വിതരണത്തിലെ അപാകതകള്‍ പരിഹരിക്കേണ്ടതാണ് | 1-8-2 |
| 14 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം | 1-9 |
| 15 | വാടകയിനത്തിലെ 44208 രൂപയുടെ കുടിശ്ശിക ഈടാക്കിയിട്ടില്ല. | 1-10 |
| 16 | കമ്മ്യൂണിറ്റി ഹാളിന്റെ വരവ് സംബന്ധമായ രേഖകള്‍ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-11 |
| 17 | വസ്തു നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങള്‍ | 1-12 |
| 18 | കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിര്‍ണ്ണയം നടത്തി | 1-12-1 |
| 19 | ഉയര്‍ന്ന വിസ്തീര്‍ണ്ണമുള്ള വാണിജ്യ സ്ഥാപനങ്ങള്‍ക്ക് കുറഞ്ഞ വസ്തു നികുതി ഈടാക്കുന്നു | 1-12-2 |
| 20 | മൊബൈല്‍ ടവറില്‍ നിന്നും വസ്തു നികുതിയിനത്തിലുള്ള 45360/- രൂപയുടെ കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-12-3 |
| 21 | റേഷന്‍ കടകളില്‍ നിന്നും തൊഴില്‍ നികുതിയും ലൈസന്‍സ് ഫീസും ഈടാക്കുന്നില്ല | 1-13 |
| 22 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്. | 1-14 |
| 23 | ഇ-ടെന്‍ഡര്‍ ഫോറം വില ലഭ്യമായിട്ടില്ല | 1-15 |
| 24 | തൊഴില്‍ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങള്‍ | 1-16 |
| 25 | തൊഴില്‍ നികുതിയായി ഈടാക്കിയതില്‍ കുറവ് | 1-16-1 |

| | | |
|---|---|---|
| 26 | ജീവനക്കാരുടെ വരുമാനം സംബന്ധിച്ച വിവരങ്ങളിൽ പൊരുത്തക്കേട് | 1-16-2 |
| 27 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-16-3 |
| 28 | ഭരണസമിതി തീരുമാനത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ് | 1-17 |
| 29 | ലേല നടപടികളിലെ അപാകങ്ങൾ | 1-18 |
| 30 | ലേല നടപടികളുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തി കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-18-1 |
| 31 | നെല്ലിമൂട് മാർക്കറ്റ് ഗേറ്റ് ഫീ പിരിക്കുന്നതിനുള്ള അവകാശ ലേലം, കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. | 1-18-2 |
| 32 | വീട്ടുവളപ്പിലെ കുളത്തിൽ മത്സ്യ കൃഷി-പദ്ധതി നടപ്പിലായില്ല | 1-19 |
| 33 | ആയുർവേദ ഔഷധങ്ങൾ ലഭ്യമാകാൻ കാലതാമസം | 1-20 |
| 34 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ഔഷധങ്ങൾ കാലഹരണ തീയതിക്ക് ശേഷവും വിതരണം ചെയ്തു | 1-21 |
| 35 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ യഥാസമയം ലഭിച്ചില്ല | 1-22 |
| 36 | 'ഹോംകോ' യിൽ നിന്നും വിതരണം ചെയ്യുന്ന മരുന്നുകളുടെ ബില്ലുകളിൽ മരുന്നുകളുടെ ബാച്ച് നമ്പർ, ഉല്പാദന തീയതി, കാലഹരണ തീയതി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. | 1-23 |
| 37 | മരുന്ന് വാങ്ങൽ, സി.എച്ച്.സി, വെൺ പകൽ - മരുന്നുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 1-24 |
| 38 | ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിന് അംഗീകാരം ലഭ്യമായിട്ടില്ല | 1-25 |
| 39 | ആസ്തി സംരക്ഷണവും പരിപാലനവും - സർക്കാർ നിർദേശം പാലിക്കേണ്ടതാണ് | 1-26 |
| 40 | നെല്ലിമൂട് മാർക്കറ്റ് തൊങ്ങൽ കുറ്റിത്താന്നി റോഡ് സൈഡ് വാൾ നിർമ്മാണം - പ്രവൃത്തി പൂർത്തീകരിക്കാതെ ഉപേക്ഷിച്ചു | 1-27 |
| 41 | നിയമാനുസൃത പിഴ ഈടാക്കുന്നതിൽ വന്ന അപാകത പരിഹരിച്ചു | 1-28 |
| 42 | ഇലക്ട്രിക്കൽ രജിസ്ട്രേഷൻ ഇല്ലാത്ത കരാറുകാരൻ ഇലക്ട്രിക്കൽ പ്രവൃത്തി നിർവ്വഹിച്ചു | 1-29 |
| 43 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 1-30 |
| 44 | നിക്ഷേപ പ്രവൃത്തികളുമായി ബന്ധപ്പെട്ട ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 441923/- രൂപ തടസ്സപ്പെടുത്തുന്നു. | 1-31 |
| 45 | ലൈഫ് മിഷൻ പദ്ധതി- അവലോകനം | 1-32 |
| 46 | കന്നുകുട്ടി പരിപാലനം പദ്ധതി - മുഴുവൻ തുകയ്ക്കുമുള്ള വിനിയോഗ സാക്ഷ്യപത്രം -ഹാജരാക്കിയിട്ടില്ല. | 1-33 |
| 47 | ഹരിതകർമ്മസേനാ തുടർപ്രവർത്തനങ്ങൾ | 1-34 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് / സർചാർജജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

71,90,277/-രൂപ പ്രാരംഭ ബാക്കിയും 37,32,41,000/- തന്നാണ്ട് വരവും ഉൾപ്പെടെ ആകെ 38,04,31,277/-രൂപ വരവും 37,18,01,550/- രൂപ ചെലവും 86,29,727/- രൂപ നീക്കിയിരുപ്പും വരുന്ന അതിയന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2021-2022 വർഷത്തെയ്ക്കുള്ള ബജറ്റ് 22/2/2021 ലെ ഭരണസമിതി യോഗത്തിലെ 1 (1) -ാം നമ്പർ തീരുമാനപ്രകാരം പാസാക്കി.

### 1-1-1 റിവൈസ്ഡ് ബഡ്ജറ്റ് ലഭ്യമാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ ബഡ്ജറ്റ് പരിഷ്കരിച്ചിട്ടുണ്ടെന്ന് അറിയിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കിയ റിവൈസ്ഡ് ബഡ്ജറ്റ് പരിശോധിച്ചതിൽ ഹാജരാക്കിയത് റിവൈസ്ഡ് ബഡ്ജറ്റിന്റെ കരടാണ് എന്നത് ശ്രദ്ധയിൽപ്പെട്ടു. പലയിടത്തും തിരുത്തൽ വരുത്തിയിട്ടുമുണ്ട്. ഭരണ സമിതി അംഗീകരിച്ച റിവൈസ്ഡ് ബഡ്ജറ്റ് ലഭ്യമാക്കണമെന്നും ആയത് ഭരണസമിതി അംഗീകരിച്ച തീയതി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 40 ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി റിവൈസ്ഡ് ബഡ്ജറ്റ് പാസാക്കിയ തീയതി മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഭരണസമിതി അംഗീകരിച്ച റിവൈസ്ഡ് ബഡ്ജറ്റ് നൽകുകയോ റിവൈസ്ഡ് ബഡ്ജറ്റ് പാസാക്കിയ തീയതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. റിവൈസ്ഡ് ബഡ്ജറ്റിന്റെ അഭാവത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ബഡ്ജറ്റിൻമേൽ തുടർ പരിശോധന നടത്താൻ സാധിച്ചിട്ടില്ല. ഭരണ സമിതി അംഗീകരിച്ചിട്ടുള്ള റിവൈസ്ഡ് ബഡ്ജറ്റ് ആയത് പാസാക്കിയ തീയതി സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 22.08.2022 |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-2-1 വാർഷിക ധനകാര്യ പത്രിക-അപാകതൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകളും പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.25/28.01.23, 26/28.01.23, 31/30.01.2023 എന്നിവയ്ക്ക് 31.01.2023 ന് ലഭിച്ച മറുപടികളും ചുവടെ ചേർക്കുന്നു.

1)2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

ആയത് സോഫ്റ്റ്‌വെയറിൽ ലഭ്യമല്ലായെന്നും ആയത് സംബന്ധിച്ച് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും അറിയിച്ചിരിക്കുന്നു.

2) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

സാമ്പത്തിക വർഷത്തിലെ തുടക്കത്തിലാണ് നിലവിൽ ഡിമാൻഡ് ജേണൽ എൻട്രി രേഖപ്പെടുത്തുന്നതെന്നും വസ്തുനികുതി വർദ്ധന ഓരോ അർദ്ധവർഷത്തേയും കെട്ടിടങ്ങളുടെ അസസ്സമെന്റ് പൂർത്തിയാകുന്ന മുറയ്ക്കാണ് ഉണ്ടാകുന്നതെന്നും ആയതിനാലാണ് പ്രതിമാസ ഡിമാൻഡ് ജേണൽ എൻട്രി രേഖപ്പെടുത്താത്തതെന്നും വരും വർഷങ്ങളിൽ ബിൽഡിങ് സെക്ഷനിൽ നിന്നും കെട്ടിടങ്ങളുടെ പ്രതിമാസ അസസ്സമെന്റ് റിപ്പോർട്ട് വാങ്ങി പ്രതിമാസ ഡിമാൻഡ് ജേണൽ എൻട്രി രേഖപ്പെടുത്തുന്നതാണെന്നും അറിയിച്ചിരിക്കുന്നു

3) 2021-22വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിലെ B-14 Stock In Hand (Inventories) ഷെഡ്യൂൾ

ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിലെ B-14 Stock In Hand (Inventories) ഷെഡ്യൂളുകളിൽ തുക രേഖപ്പെടുത്തുന്നതിന് നിലവിൽ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ ആയ സാംഖ്യയിൽ സംവിധാനം ഇല്ലാത്തതിനാലാണ് രേഖപ്പെടുത്തൽ വരുത്താത്തതെന്ന് അറിയിച്ചിരിക്കുന്നു

4)കമുകിൻ കോട് മാർക്കറ്റ് ലേലവുമായി ബന്ധപ്പെട്ട് ലേല രജിസ്റ്റർ പ്രകാരവും വാർഷിക ധനകാര്യ പത്രിക പ്രകാരവും താഴെപ്പറയുന്ന വ്യത്യാസം നിലനിൽക്കുന്നു

| ഇനം | പിരിച്ചെടുത്ത തുക | |
|---|---|---|
| | ലേല രജിസ്റ്റർ പ്രകാരവും | വാർഷിക ധനകാര്യ പത്രിക പ്രകാരവും |
| കമുകിൻ കോട് മാർക്കറ്റ് | 53042 | 53142(431400105) |

രജിസ്റ്ററിൽ രേഖപ്പെടുത്തിയപ്പോൾ ഉണ്ടായ തെറ്റാണ് വ്യത്യാസത്തിന് കാരണമെന്ന് അറിയിച്ചിട്ടുണ്ട്. ആയത് പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5) ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരം പട്ടി, പന്നി എന്നിവയുടെ ലൈസൻസ് ഫീ ഇനത്തിൽ 2021-22 വർഷം 475/- രൂപയാണ് വരവായി രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വാർഷിക കണക്കിൽ 140110109 ഹെഡ്ഡിൽ 500/- രൂപ ഉൾപ്പെടുത്തിയിരിക്കുന്നു.

രജിസ്റ്ററിൽ രേഖപ്പെടുത്തിയപ്പോൾ ഉണ്ടായ തെറ്റാണ് വ്യത്യാസത്തിന് കാരണമെന്ന് അറിയിച്ചിട്ടുണ്ട്

6) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിലെ I-18 Prior Period Item പ്രകാരം ഹെഡ് നം. 280100104 - Prior Period Income-Property Tax On Nonresidential Building വരവ് തുക 200055/- രൂപ പോസിറ്റീവ് ബാലൻസ് ആണ്.

280100104 ഹെഡിനെ ഡിമാന്റ് കുറവ് ചെയ്യുന്നതിന് വേണ്ടി ഡെബിറ്റ് ചെയ്യതിനാലാണ് പോസിറ്റീവ് ബാലൻസ് വന്നതെന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ ഇതിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല.

7) ബാലൻസ് ഷീറ്റിലെ B-11 ഷെഡ്യൂളിലെ അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ അതുമായി ബന്ധപ്പെട്ട ആസ്തിയെ അധികരിച്ചിരിക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | B-11 പ്രകാരം നീക്കിയിരിപ്പ് | Accumulated Depreciation തുക |
|---|---|---|---|
| 410710102 | Movable Assets-Vehicles | 584692 | (983425) |
| 410800101 | Other Fixed Assets | 919191 | (1998961) |

ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിലെ Accumulated Depreciation - Movable Assets Vehicle സംബന്ധിച്ച രേഖപ്പെടുത്തലിലെ അപാകത അടുത്ത വാർഷിക ധനകാര്യ പത്രികയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു Other Fixed Assets, Other Construction, Movable Assets- Others എന്നീ Asset ഹെഡുകൾക്ക് പ്രത്യേക ഡിപ്രിസിയേഷൻ ഹെഡ് ഇല്ലാത്തതിനാൽ Accumulated Depreciation - Other Fixed Assets എന്ന ഹെഡിലാണ് രേഖപ്പെടുത്തുന്നതെന്നും ടി വ്യത്യാസമാണ് നിലനിൽക്കുന്നതെന്നും അറിയിച്ചിരിക്കുന്നു.

8) 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതമായ 33500/- രൂപ അവശേഷിക്കുന്നു. ആയതിന്റെ സ്രോതസ്സ് വ്യക്തമല്ല.

വി.ഇ.ഒയുടെ പ്രോജക്ട് ആയ ബയോ കംമ്പോസ്റ്റ് ബിൻ എന്ന പദ്ധതിക്കാണ് തുക പിരിച്ചെടുത്തത് എന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ ടി പ്രോജക്ടിനായി 13500/- രൂപ മാത്രമാണ് പിരിച്ചെടുത്തതായി രസീത് പരിശോധനയിൽ ബോധ്യപ്പെട്ടിരിക്കുന്നത്. അവശേഷിക്കുന്ന തുകയുടെ വിവരം അറിയിക്കേണ്ടതാണ്.

9)ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരമുള്ള തുകകളിൽ 3 വർഷ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ ഏതൊക്കെയാണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്താൻ കഴിയുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുന്നിരിപ്പ് തുകകൾ സംബന്ധിച്ച്കൃത്യമായി രേഖപ്പെടുത്തലുകളില്ല. 3 വർഷ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ നടപ്പുസാമ്പത്തിക വർഷം Own Fund ലേക്ക് മുതൽക്കൂട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

10) വാർഷിക ധനകാര്യ പത്രിക പ്രകാരം എൻ-ആർ.ഇ.ജി.എസ്- ഭരണച്ചെലവുകൾ (റെസിപ്റ്റ് ആൻഡ് പെയ്മെൻറ്

ഷെഡ്യൂൾ) ഉൾപ്പെടുത്തിയിട്ടില്ല.

എൻ-ആർ.ഇ.ജി.എസ്- ക്യാഷ് ബുക്ക് / ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം ചെലവൊന്നും രേഖപ്പെടുത്തിയിട്ടില്ല.

2021-22 സാമ്പത്തികവർഷം ഭരണച്ചെലവുകൾ NREGS ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടില്ലെന്നും തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് ആയിട്ടാണ് നൽകിയിട്ടുള്ളതെന്നും അതിനാലാണ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടാത്തതെന്നും അറിയിച്ചിരിക്കുന്നു

11)നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം പരിശോധിക്കുന്നതി നാവശ്യമായ അഡ്വാൻസ് / ഡെപ്പോസിറ്റ് രജിസ്ററർ ഹാജരാക്കിയിട്ടില്ല.

വാട്ടർ അതോറിറ്റി, കെഎസ്ഇബി എന്നീ നിർവ്വഹണ ഏജൻസികളുടെ നിക്ഷേപ പ്രവർത്തികളുടെ ലെഡ്ജറുകളും Advance To Others ഹെഡിൽ ചെലവഴിച്ച NREGS ഭരണച്ചെലവുകളുടെ ഫയലുകളും പരിശോധനയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു

മറുപടി അംഗീകരിക്കാവുന്നതല്ല. അഡ്വാൻസ്/ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

12)സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാ വാത്ത ചെലവുകൾക്ക് (ഉദാഹരണമായി 2021 മാർച്ച് ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

IKM ന്റെ സാംഖ്യ സോഫ്റ്റ്‌വെയറിൽ പ്രസ്തുത സൗകര്യം ലഭ്യമല്ലാത്തതിനാലാണ് ബാലൻസ് ഷീറ്റിലെ ബി-9 ഷെഡ്യൂളിൽ സാമ്പത്തികവർഷത്തിനുള്ളിൽ പൂർത്തീ കരിക്കാനാവാത്ത ചെലവുകൾ രേഖപ്പെടുത്താനാകാത്തതെന്ന് അറിയിച്ചിട്ടുണ്ട്. അപാകം പരിഹരിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം അപാകതകൾ

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 0 | 12650702 | 12650702 | 14932000 | -2281298 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 7168667 | 7168667 | 7319333 | -150666 |
| വികസനഫണ്ട്(CFC Tied) | 0 | 8603534 | 8603534 | 3523831 | 5079703 |
| വികസനഫണ്ട്(CFC Untied) | 0 | 3749939 | 3749939 | 2615237 | 1134702 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 24313000 | 24313000 | 16276041 | 8036959 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 82221828 | 82221828 | 5196962 | 3024866 |
| CSS | 0 | 0 | 0 | 1838538 | -1838538 |
| SSC | 0 | 0 | 0 | 3080000 | -3080000 |

വികസന ഫണ്ട് ജനറൽ, എസ്.സി.പി, CSS Ssc എന്നിവയുടെ നീക്കിയിരിപ്പ് നെഗറ്റീവ് ആയതിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

1. വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , വാർഷിക ധനകാര്യ പത്രിക, എ.സി.ആർ എന്നിവയുടെ ചെലവിനത്തിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (General) | Grant Statement | 14932000 |
| | ACR | 12476796 |
| | AFS | 12458933 |
| Development Fund (SCP) | Grant Statement | 7319333 |
| | AFS | 7114000 |
| | Accounts | 7114000 |
| Maintenance Fund (Non Road) | Grant Statement | 5196962 |
| | ACR | 5373874 |
| | AFS | 5196962 |
| Development Fund (CFC UnTied) | Grant Statement | 2615237 |
| | ACR | 2615237 |
| | AFS | 2833278 |
| Development Fund (CFC Tied) | Grant Statement | 3523831 |
| | ACR | 3523831 |
| | AFS | 4171000 |

2. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018 ലെ സ.ഉ(അ)100/2018/ധന., 24.01.2019 ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|---|
| 1 | 320700105 | 50903 |
| 2 | 320700204 | 355955 |
| 3 | 320700205 | 273375 |

എൻക്വയറിക്ക് (നം.35/31.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗരേഖപ്രകാരവും സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായും പാലിച്ചും പദ്ധതി തുക വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

1)ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. 2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണ സമിതി പുനഃ സംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം-33/30.01.2023 ന് ഭരണസമിതിയുടെ 23-01-2021 ലെ 2(2) നമ്പർ പ്രകാരം ആസൂത്രണ സമിതി പുന:സംഘടിപ്പിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്

2)വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 1.2.21,19.02.21എന്നീ തീയതികളിലായി വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതായി കാണുന്നു.

പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അവസ്ഥാ രേഖ വർക്കിംഗ് ഗ്രൂപ്പ് പരിഷക്കരിച്ചാണ് 2021-22 വാർഷിക പദ്ധതി അംഗീകാരം ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം

അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്.അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

3.വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന ചുവടെ ചേർക്കുന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-33/30.01.2023 ന് ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | മറുപടി |
|---|---|---|---|---|
| 1 | കുടിവെള്ളം ശുചിത്വം മുതലായവ | 1-2-2021 | 1.അനധികൃത ചന്തകൾ മൂലമുണ്ടാകുന്ന മാലിന്യങ്ങൾ നിർമ്മാർജനം ചെയ്ത് മാലിന്യ പ്രശ്നത്തിന് പരിഹാരം കാണുക<br>2. അരംഗമുകൾ വാർഡിൽ പൊതു ചന്തയ്ക്ക് സ്ഥലം കണ്ടെത്തി നിലവിലെ പ്രശ്നം പരിഹരിക്കുക | 1. നോട്ടീസ് നൽകിയിട്ടുണ്ട്. മാലിന്യം നിർമ്മാർജനം ചെയ്തിട്ടുണ്ട്<br>2. ഗ്രാമ പഞ്ചായത്ത് ഫണ്ടിന്റെ അപര്യാപ്തത ഉണ്ടായിരുന്നതിനാൽ സ്ഥലം വാങ്ങൽ പദ്ധതി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല |
| 2 | ദാരിദ്ര്യ ലഘൂകരണം | 1-2-2021 | കുടുംബശ്രീക്ക് വേണ്ടി ഒരു പൊതു വിപണന കേന്ദ്രം നടപ്പിലാക്കുക | ഗ്രാമ പഞ്ചായത്തിന് ഫണ്ടിന്റെ അപര്യാപ്തത ഉണ്ടായിരുന്നതിനാൽ വിപണന കേന്ദ്രം പദ്ധതി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. |
| 3 | കൃഷി | 1-2-2021 | പൊതു കുളങ്ങൾ നവീകരിച്ച് മത്സ്യകൃഷിക്ക് യോഗ്യമാക്കണം | 10 കുളങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ചിട്ടുണ്ട്. എന്നാൽ മത്സ്യകൃഷി നടത്തുന്നതിൽ താത്പര്യം കാണിച്ച് ആരും വന്നിട്ടില്ല |
| 4 | ജൈവവൈവിധ്യ മാനേജ്മെന്റ് , കാലാവസ്ഥാ വ്യതിയാനം , പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം | 1-2-2021 | മാലിന്യ നിക്ഷേപം കാരണം തെരുവുനായ്ക്കളുടെ ശല്യം കൂടുന്നു. ഇത് കുറയ്ക്കുന്നതിനായി നടപടി സ്വീകരിക്കണം | ബയോ കമ്പോസ്റ്റർ ബിൻ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട് |
| 5 | വനിതാ വികസനം | 1-2-2021 | സ്ത്രീകൾക്ക് വേണ്ടി സ്വയം തൊഴിൽ പരിശീലന കേന്ദ്രം തുടങ്ങുക | ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല |
| 6 | യുവജനകാര്യം | 1-2-2021 | 1.യുവജനങ്ങൾക്കായി പഞ്ചായത്തിലൊരു കളിസ്ഥലം ഒരുക്കണം,<br>2. കോളനികൾ കേന്ദ്രീകരിച്ച് ക്ലബുകൾ, കളിസ്ഥലങ്ങൾ എന്നിവ ഒരുക്കണം<br>3. നീന്തൽക്കുളം | 1.ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല |

| | | | | |
|---|---|---|---|---|
| 7 | സാമൂഹ്യ നീതി (ഭിന്ന ശേഷിയുള്ളവർ, വൃദ്ധർ, കുട്ടികൾ, ട്രാൻസ് ജെൻഡറുകൾ മുതലായവ) | 1-2-2021 | 1. ബഡ്സ് സ്കൂൾ അനുവദിക്കുക<br>2. വൃദ്ധ സദനം , പകൽ വീട് എന്നിവയുടെ പ്രവർത്തനം ആരംഭിക്കുക | 1. ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല<br>2. കോവിഡ് മഹാമാരി കാരണം വൃദ്ധ സദനം , പകൽ വീട് എന്നിവയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| 8 | പൊതു ഭരണവും ധനകാര്യവും | 1-2-2021 | 1. കമ്മ്യൂണിറ്റി ഹാൾ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ യഥാസമയം ജലം വൈദ്യുതി എന്നിവ ലഭ്യമാകുന്ന രീതിയിൽ പ്രവർത്തനക്ഷമമാക്കുക<br>2. കമ്മ്യൂണിറ്റി ഹാളിലെ നിലവിലുള്ള കിണർ ശുദ്ധീകരിച്ച് പമ്പ്സെറ്റ് സ്ഥാപിച്ച് ഉപയോഗപ്രദമാക്കുക | 1. 2022-23 വാർഷിക പദ്ധതിലുൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ നടന്ന് വരുന്നു<br>2. ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല |
| 9 | പ്രാദേശിക സാമ്പത്തിക വികസനം, (ചെറുകിട വ്യവസായം, സൂക്ഷ്മ സംരഭങ്ങൾ ഉൾപ്പെടെ), സഹകരണം മുതലായവ | 19-02-2021 | പഞ്ചായത്ത് തലത്തിൽ ഒരു കളിസ്ഥലം സജ്ജമാക്കുക. നിലവിലുള്ള സ്ഥലം കളിയ്ക്കുന്നതിന് യോഗ്യമല്ലാത്തതിനാൽ അവിടത്തെ വസ്തുവിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് അവരുണ്ടാക്കുന്ന ഉത്പന്നങ്ങൾ വിൽക്കുവാനുള്ള ഒരു സൗജന്യവേദി ഒരുക്കിക്കൊടുക്കുക | ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല |

ട്രാൻസ്ജൻഡർ വിഭാഗത്തിലുള്ളവർക്കായുള്ള പദ്ധതികളുടെ ആവിഷ്കരണവുമായി ബന്ധപ്പെട്ട യാതൊരു വിധ ചർച്ചയും സാമൂഹ്യ നീതി (ഭിന്ന ശേഷിയുള്ളവർ, വൃദ്ധർ, കുട്ടികൾ, ട്രാൻസ് ജെൻഡറുകൾ മുതലായവ) വർക്കിംഗ് ഗ്രൂപ്പിന്റെ യോഗങ്ങളിൽ ഉണ്ടായിട്ടില്ല. ഇത്തരത്തിലുള്ള ചർച്ച നടത്താത്തതിന്റെ കാരണം ഓഡിറ്റ് അന്വേഷണം നം. 33/30.01.2023 വഴി ആവശ്യപ്പെട്ടതിന് ട്രാൻസ്ജൻഡർ വിഭാഗത്തിൽപ്പെട്ട ആരും തന്നെ പഞ്ചായത്ത് പരിധിയിൽ ഇല്ല എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ഇത് സംബന്ധിച്ച് വിവരശേഖരണം നടത്തിയതുമായി ബന്ധപ്പെട്ട യാതൊരുവിധ രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സമൂഹത്തിലെ എല്ലാ വിഭാഗത്തിലുള്ള ജനങ്ങളെയും പരിഗണനയിലെടുത്ത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

4.സ്റ്റാറ്റസ് റിപ്പോർട്ട്

A. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 2021-22 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികളിൽ മുൻഗണന; എല്ലാവർക്കും കുടിവെള്ളം, ഭൂരഹിതർക്ക് ഭൂമി വാങ്ങൽ , സ്ത്രീകൾക്ക് വേണ്ടിയുള്ള റിസോഴ്സ് സെന്ററുകൾ ആരംഭിക്കുക മുതലായവയ്ക്കാണ് . ഇത് എത്രത്തോളം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 36/31-01-2023 ന് എല്ലാവർക്കും കുടിവെള്ളം എന്നത് ജലജീവൻ പദ്ധതി വഴി നടന്ന് വരുന്നതായും ഭൂരഹിതർക്ക് ഭൂമി വാങ്ങൽ എന്നത് ലൈഫ് പദ്ധതി വഴിയും നടന്ന് വരുന്നതായി അറിയിച്ചിട്ടുണ്ട്. വിഭാവനം ചെയ്ത പദ്ധതി ലക്ഷ്യങ്ങളിൽ എത്രത്തോളം പൂർത്തീകരിക്കാൻ കഴിഞ്ഞു എന്നതിനു മറുപടി ലഭ്യമായിട്ടില്ല. സ്ത്രീകൾക്ക് വേണ്ടിയുള്ള റിസോഴ്സ് സെന്റർ ആരംഭിക്കുക എന്നത് ഗ്രാമ പഞ്ചായത്തിന് ലഭ്യമായ ഫണ്ടിൽ നിന്നും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നും എന്നാൽ 2022-23 വാർഷിക പദ്ധതിയിൽ ജില്ലാ പഞ്ചായത്ത് , ഗ്രാമ പഞ്ചായത്ത് സംയുക്ത പദ്ധതിയായി നടപ്പിലാക്കുന്ന ജ്വാല എന്ന പദ്ധതിയിലൂടെ റിസോഴ്സ് സെന്റർ എന്ന ഘടകം നടന്നുവരുന്നതായും അറിയിച്ചിട്ടുണ്ട്.

B.സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 36/31-01-2023 ന് ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | വനിതാ വികസനം | അതീവ ഗുരുതരം | സ്ത്രീ സുരക്ഷിതത്വം ഇല്ലായ്മ | സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പ് വരുതത്തുന്നതിനായി ജാഗ്രത സമിതി പ്രവർത്തനം നടപ്പിലാക്കിയിട്ടുണ്ട്. സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിനായി മൃഗ സംരക്ഷണ മേഖലയിലും കൃഷി മേഖലയിലും പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ കുടുംബശ്രീ മുഖേനയും വിവിധ തരം പദ്ധതികൾ നടപ്പിലാക്കി വരുന്ന |

അതിയന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-2027 പഞ്ചവത്സര പദ്ധതി കാലയളവിലെ സ്റ്റാറ്റസ് റിപ്പോർട്ടിൽ സ്ത്രീ സുരക്ഷിതത്വം ഇല്ലായ്മ അതീവ ഗുരുതര പ്രശ്നമായി ആവർത്തിക്കപ്പെടുന്നുണ്ട്. നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ കൂടുതൽ മെച്ചപ്പെടാൻ ഉണ്ട് എന്നതാണ് ഇത് കാണിക്കുന്നത്

5. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ അടങ്കൽതുക 130722656/- രൂപയും ചെലവ് 63287251/-രൂപയുമാണ്. അതായത് ആകെ പദ്ധതിച്ചെലവിന്റെ 48% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗംജനറൽ | ഉല്പാദനം | 9150000 | 3850327 | 42.08 |
| | സേവനം | 65097013 | 28556641 | 43.87 |
| | പശ്ചാത്തലം | 35562310 | 22080950 | 62.09 |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | - | - | - |
| | സേവനം | 20688333 | 8799333 | 42.53 |
| | പശ്ചാത്തലം | - | - | - |
| പട്ടിക വർഗ്ഗ വിഭാഗം | സേവനം | 225000 | 0 | 0 |
| | ആകെ | 130722656 | 63287251 | 48.41 |

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിന് ഉത്പാദനം , പശ്ചാത്തല വികസനം എന്നീ മേഖലകളിൽ തുക വകയിരുത്തിയിട്ടില്ല.

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | തുക | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | അടങ്കൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 2 | 2 | 0 | 100 | 2650000 | 842000 | 31.77 |
| Ii | വെറ്റിനറി സർജൻ | 5 | 4 | 1 | 80 | 3105000 | 1231500 | 39.66 |
| Iii | മെഡിക്കൽ ഓഫീസർ - PHC | 7 | 7 | 0 | 100 | 2644650 | 2263782 | 85.6 |
| Iv | മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 2 | 0 | 100 | 250000 | 249964 | 99.99 |
| V | മെഡിക്കൽ ഓഫീസർ- ആയുർവ്വേദം | 3 | 3 | 0 | 100 | 925000 | 924856 | 99.98 |
| Vi | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 0 | 0 | 1230000 | 0 | 0 |
| Vii | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 22 | 17 | 5 | 77.27 | 55994081 | 20072672 | 35.85 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| Viii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 6 | 2 | 75 | 5866000 | 5031810 | 85.78 |
| Ix | സെക്രട്ടറി | 40 | 26 | 14 | 65 | 10288001 | 6039964 | 58.71 |
| X | എച്ച്.എം. | 2 | 2 | 0 | 100 | 500000 | 155361 | 31.07 |
| Xi | അസിസ്റ്റന്റ് എഞ്ചിനീയർ | 156 | 100 | 56 | 64 | 43577724 | 24047635 | 55 |
| Xii | ഡയറിഫാം ഇൻസ്റ്റക്ടർ | 1 | 1 | 0 | 100 | 2000000 | 1751770 | 87.5 |
| Xiii | അസിസ്റ്റന്റ് സെക്രട്ടറി | 2 | 2 | 0 | 100 | 1692200 | 675937 | 39.94 |
| ആകെ | | 251 | 171 | 80 | 130 | 722656 | 63287251 | 48.4 |

അനുമതി ലഭിച്ച ആകെ 251 പദ്ധതികളിൽ 80 എണ്ണം നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുമില്ല. (ഉദാ: സെക്രട്ടറിയുടെ 200/22, 202/22, 235/22) സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ് പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/31-01-2023) ഗുണഭോക്താവിന് സബ്സിഡി നൽകുന്നതിനായി റിക്വിസിഷൻ നൽകിയെങ്കിലും അലോട്ട്മെന്റ് നൽകുന്നതിനായി വികസന ഫണ്ട് ലഭ്യമായിരുന്നില്ല എന്ന് മറുപടിയായി അറിയിച്ചു.അസിസ്റ്റന്റ് സെക്രട്ടറി, എച്ച്.എം., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , വെറ്റിനറി സർജൻ , കൃഷി ഓഫീസർ എന്നിവർ 50 % ഇൽ കുറവ് തുക മാത്രമാണ് വകയിരുത്തിയതിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കൃഷി , വെറ്റിനറി എന്നിവയിൽ ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത് ചെലവ് പത്രികയിൽ ഉൾപ്പെടാത്തത് കാരണമാണ് ചെലവ് തുകയിൽ കുറവ് വന്നതായി കാണുന്നത് എന്നും വി. ഇ. ഒ യുടെ പദ്ധതികളിൽ ഹഡ്കോ ലോൺ തുക 18400000/- രൂപ വകയിരുത്തിയതിൽ ലഭ്യമായ 600000/- രൂപയിൽ 480000/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും അസി. സെക്രട്ടറിയുടെ പദ്ധതികളിൽ 976320/- രൂപ പദ്ധതി അടങ്കലിൽ ഉള്ളത് ജില്ലാ പഞ്ചായത്ത് വിഹിതം ഗ്രാമ പഞ്ചായത്തിന് നേരിട്ട് ലഭ്യമായിട്ടില്ലെന്നും ആയതിനാൽ പദ്ധതി ചെലവിൽ വന്നിട്ടില്ലെന്നും മറുപടി അറിയിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ അനുമതി ലഭിച്ച 156 പദ്ധതികളിൽ 56 എണ്ണം നടപ്പിലാക്കിയിട്ടുമില്ല. മറുപടിയുടെ ആധികാരികത സമയ പരിമിതി കാരണം പരിശോധിച്ചുറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. ആവിഷ്കരിച്ച പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുണ്ട്. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഭരണ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങളിൽ വികസനം ലഭ്യമാകുന്ന രീതിയിൽ ദീർഘ , ഹ്രസ്വ കാലയളവിൽ പദ്ധതികൾ തയ്യാറാക്കി കൃത്യമായ ആസൂത്രണത്തോടും കാര്യക്ഷമതയോടും കൂടി പദ്ധതികൾ നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-5 ക്ഷേമ പദ്ധതികൾ

2021-22 സാമ്പത്തിക വർഷം അതിയന്നൂർ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 9286100 | 591 |
| വിധവാ പെൻഷൻ | 16545500 | 1078 |
| വാർധക്യകാല പെൻഷൻ | 41802600 | 2839 |
| വികലാംഗ പെൻഷൻ | 5831900 | 373 |

| | | |
|---|---|---|
| വിവാഹ ധനസഹായം | 210000 | 7 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 883200 | 61 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു.

മരണ രജിസ്ട്രേഷൻ സംബന്ധമായ രേഖകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ സേവന സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ മരണപ്പെട്ടവരുടെ അതേ പേരിലും വിലാസത്തിലുമുള്ള വ്യക്തികൾക്ക് നിലവിൽ പെൻഷൻ നൽകി വരുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. മരണ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട രേഖകൾക്കൊപ്പം റേഷൻ കാർഡിന്റെ പകർപ്പോ ആധാർ കാർഡിന്റെ പകർപ്പോ സൂക്ഷിക്കാത്തതിനാൽ മരണപ്പെട്ട വ്യക്തിയും നിലവിൽ പെൻഷൻ നൽകി വരുന്ന വ്യക്തിയും ഒരാൾ തന്നെയാണെന്ന് പരിശോധിച്ച് ബോധ്യപ്പെടാൻ കഴിഞ്ഞില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | വിലാസം | മരണ തീയതി | സമാന പേരും വിലാസവുമുള്ള പെൻഷണറുടെ ഐ.ഡി | ഇനം | സ്റ്റാറ്റസ് | അവസാന ഗഡു |
|---|---|---|---|---|---|---|---|
| 1 | ശാന്ത ഏ. | വിളയിൽ വീട്, അവണാകുഴി, താന്നിമൂട് P.O. | 10.08.2020 | 102910600435 | ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ | ആക്ടീവ് | നവംബർ-2022 |
| 2 | വിജയം കെ. | കുഴിപ്പറച്ച പുത്തൻവീട്, നെല്ലിമൂട് P.O. | 30.01.2021 | 102910201040 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | സസ്പെൻഡ് | നവംബർ-2022 |
| 3 | സാംബശിവൻ ഏ. | പനവിള പുത്തൻവീട്, താന്നിമൂട് P.O. | 01.03.2021 | 102910200866 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | ആക്ടീവ് | നവംബർ-2022 |
| 4 | സദാനന്ദൻ പി. | ചെറുവിളാകത്ത് ചാനൽക്കരവീട്, അതിയന്നൂർ, ആറാലുംമൂട് P.O. | 17.03.2021 | 102910201330 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | സസ്പെൻഡ് | സെപ്തംബർ-2021 |
| 5 | ശാന്ത ജെ. | സിന്ധുഹൌസ്, ചെമ്മണ്ണവിള, അരംഗമുകൾ, ആറാലുംമൂട് P.O. | 01.05.2021 | 102910600504 | ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ | ആക്ടീവ് | നവംബർ-2022 |
| 6 | ഓമന എൽ. | കോട്ടുക്കുഴി തേരവിള വീട്, കോട്ടുക്കുഴി, നെല്ലിമൂട് P.O. | 16.05.2021 | 102910600692 | ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ | ആക്ടീവ് | നവംബർ-2022 |
| 7 | കമലമ്മ കെ. | പൊരിയണംകോട്, രാമപുരം, ആറാലുംമൂട് P.O. | 10.05.2021 | 102910600617 | ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ | ആക്ടീവ് | നവംബർ-2022 |

മരണപ്പെട്ട വ്യക്തിയ്ക്കല്ല പെൻഷൻ നൽകി വരുന്നത് എന്നത് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 34 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ധനകാര്യവകുപ്പിന്റെ 05.11.2020-ലെ സർക്കുലർ നമ്പർ 67/2020 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം

അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം തീയതിക്കു മുമ്പ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് മരണപ്പെട്ട/ അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ് എന്ന് 02.08.2021-ലെ സർക്കുലർ നമ്പർ 63/2021 -ൽ വ്യക്തമാക്കിയിട്ടുണ്ട്. മരണപ്പെട്ട മുഴുവൻ പേരെയും പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കി തുടർ നടപടികൾ സ്വീകരിച്ച് പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-6 പണം നീക്കിയിരുപ്പ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.2023 തീയതിയിൽ 3.33 P.m. സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15374/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെപ്പറയുന്ന നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

1) ജീവനക്കാർക്ക് ജോലിവിഭജനം നടത്തി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഓഫീസ് പ്രവർത്തനങ്ങളുടെ റിവ്യൂ മീറ്റിംഗുകൾ 2022 നവംബർ മാസം വരെ നടന്നതായുള്ള മിനിറ്റ്സ് പരശോധനയ്ക്ക് ലഭ്യമാക്കി. ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുമുള്ള നിർദേശങ്ങൾ സെക്രട്ടറി നൽകിയിട്ടുണ്ട്. എങ്കിലും നികുതി പിരിവിലെ അപാകങ്ങൾ പരിഹരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുണ്ട്.

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2021 വർഷത്തിൽ പ്രസിദ്ധീകരിച്ചത് പരിശോധനയ്ക്ക് ലഭ്യമാക്കി, 2022 ൽ പൌരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടില്ല. പൊതുജനങ്ങൾക്ക് ഫ്രണ്ട് ഓഫീസ് മുഖേന വിതരണം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

3)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.28/23, തീയതി :30.01.2023).

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട്.

സി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

4) നിലവിൽ പഞ്ചായത്തിന് ISO സർട്ടിഫിക്കേഷൻ ലഭ്യമായിട്ടില്ല. 2022 മെയ് 7ന് കാലാവധി അവസാനിച്ച, പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

5) മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കാതെ ഉപേക്ഷിക്കുന്ന സാഹചര്യം നിലനിൽക്കുന്നു. പല പ്രവൃത്തികളും കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പൂർത്തീകരണം നീണ്ടുപോകുന്ന അവസ്ഥയും നിലനിൽക്കുന്നു.

6) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റി ഹാളിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ആവശ്യമായ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ലഡ്ജർ പ്രകാരം കമ്മ്യൂണിറ്റി ഹാളിന്റെ ബുക്കിംഗ് അഡ്വാൻസ് തുകകൾ റീ-ഫണ്ട് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

## 1-8 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 0 | 852604 | 852604 | 0 | 852604 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 52947000 | 52947000 | 52947000 | 0 |

## 1-8-1 എൻ.ആർ.ഇ.ജി.എസ് പദ്ധതി - പ്രവർത്തനാവലോകനം

ഓഡിറ്റ് കാലയളവിൽ എൻ.ആർ.ഇ.ജി.എസ് പദ്ധതി മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം നം.17/23, തീയതി :27.01.2023 മറുപടി പ്രകാരം)

| | |
|---|---|
| നടപ്പാക്കുന്നതിന് അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 508 |
| അംഗീകാരം ലഭിച്ചതിൽ പൂർത്തിയാക്കിയ പദ്ധതികൾ | 215 |
| വിതരണം ചെയ്ത തൊഴിൽ കാർഡുകൾ | 5552 |
| തൊഴിൽ ദിനങ്ങൾ | 148103 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2100 |
| 100തൊഴിൽ ദിനം പൂർത്തികരിച്ച കുടുംബങ്ങളുടെ എണ്ണം | 565 |
| തൊഴിൽ ഉറപ്പ് പദ്ധതിപ്രകാരം തൊഴിൽ രഹിത വേതനം കൊടുത്ത വിവരം | വേതനം നൽകിയിട്ടില്ല |
| സ്ഥിര ആസ്തികളുടെ വിവരം(രൂപയിൽ) | 99.8 ലക്ഷം |
| സോഷ്യൽ ആഡിറ്റ് നടത്തിയ വിവരങ്ങൾ | 201.10.2021 മുതൽ 31.03.2022<br>വരെ ഓഡിറ്റ് നടത്തിയിട്ടുണ്ട്. |

നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം.

| നം | പദ്ധതി വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം |
|---|---|---|
| 1 | മണ്ണ്,ജല സംരക്ഷണം | 190 |
| 2 | വരൾച്ച തടയൽ,വനവൽക്കരണം. | 52 |
| 3 | പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം. | 56 |
| 4 | വ്യക്തിഗത ആസ്തികൾ | 183 |

## 1-8-2 വേതന വിതരണത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

എൻ. ആർ. ഇ. ജി. എസിന്റെ 01.10.2021 മുതൽ 31.03.2022 വരെ നടത്തിയ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ അതിയന്നൂർ വാർഡിൽ രണ്ട് പ്രവൃത്തികളിൽ ഒന്നിൽ ലഭിക്കേണ്ടതിനെക്കാൾ കൂടുതൽ വേതനം വ്യക്തിയ്ക്ക് ലഭിച്ച എന്നും, മറ്റൊന്നിൽ പണമടച്ചെങ്കിലും ഒരു ജോലിയും നടന്നില്ല എന്നും രേഖപ്പെടുത്തിയിരിക്കുന്നു. കമുകിൻകോട്

വാർഡിലും ജോലി ചെയ്യാത്ത വ്യക്തിയ്ക്ക് പേയ്മെന്റ് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. അരങ്ങിൽ വാർഡിൽ പണമടച്ചെങ്കിലും ഒരു ജോലിയും നടന്നില്ല എന്നും പരാമർശിച്ചിരിക്കുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.39/23, തീയതി :31.01.2023 നൽകിയ മറുപടിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

എ) അതിയന്നൂർ വാർഡിൽ MIS അപാകം കാരണം അധികമായി നൽകിയ തുക 2368/- രൂപ പ്രസ്തുത ഗുണഭോക്താവിൽ നിന്നും തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ബി) അതിയന്നൂർ വാർഡിൽ അവിദഗ്ധ വേതനയിനത്തിൽ 4736/-രൂപ നൽകിയെങ്കിലും പ്രസ്തുത കാലയളവിൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചില്ല. നിലവിൽ പ്രസ്തുത പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

സി) കമുകിൻകോട് വാർഡിൽ അവിദഗ്ധ വേതനയിനത്തിൽ 2368/- രൂപ പ്രസ്തുത ഗുണഭോക്താവിൽ നിന്നും തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ഡി) അരങ്ങിൽ വാർഡിൽ അവിദഗ്ധ വേതനയിനത്തിൽ 4736/-രൂപ നൽകിയെങ്കിലും പ്രസ്തുത കാലയളവിൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചില്ല. നിലവിൽ പ്രസ്തുത പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

മേൽ പരാമർശങ്ങളിൽ നടപടികൾ പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.4.2022 | 01.7.2021 മുതൽ 30.09.2021 വരെ | 22.6.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.5.2016 മുതൽ 26.5.2016 വരെ | 2011-12 മുതൽ 2015-16 വരെ | 27-06-2016 |

## 1-10 വാടകയിനത്തിലെ 44208 രൂപയുടെ കുടിശ്ശിക ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യക്തികളിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു. കുടിശ്ശിക തുക നാളിതുവരെ ഈടാക്കാത്തതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21/27-01-202 ന് റെവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കടമുറി നം . | വാടകക്കാരന്റെ പേര് | മാസവാടക | കുടിശ്ശിക |
|---|---|---|---|---|
| 1 | 11 | സതി കുമാർ | 3050 | 3050x12=36600 |
| 2 | 21 | ചന്ദ്രിക | 1268 | 1268x6= 7608 |

കുടിശ്ശിക എത്രയും പെട്ടെന്ന് ഈടാക്കി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-11 കമ്മ്യൂണിറ്റി ഹാളിന്റെ വരവ് സംബന്ധമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റി ഹാളിന്റെ വരവ് സംബന്ധമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന യാതൊരുവിധ രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21/27-01-2023 ന് രജിസ്റ്ററിന് പകരം വരവ് സംബന്ധമായ ലെഡ്ജറാണ് ഹാജരാക്കിയിട്ടുള്ളത്. ലെഡ്ജർ പ്രകാരം തുക ഒടുക്കിയിട്ടുള്ള വ്യക്തികൾക്ക് ഒടുക്കിയ തുകകൾ പൂർണ്ണമായും തിരികെ നൽകിയതായാണ് കാണുന്നത്. ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ കമ്മ്യൂണിറ്റി ഹാളിൽ നിന്നും വരവൊന്നും ലഭിച്ചിട്ടില്ല. ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ ആയതിന്റെ കാരണം വ്യക്തമായിട്ടില്ല. കമ്മ്യൂണിറ്റി ഹാളിന്റെ കളക്ഷൻ തൻവർഷം ലഭ്യമാക്കാതിരുന്നതിന്റെ കാരണം വിശദമാക്കേണ്ടതും രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-12 വസ്തു നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന അപാകങ്ങൾ കാണുന്നു

## 1-12-1 കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തി

വസ്തുനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു

| ക്രമ നം | കെട്ടിട നം | വിസ്തീർണം | സഞ്ചയ പ്രകാരമുള്ള ഉപയോഗക്രമം | ശരിയായ ഉപയോഗക്രമം |
|---|---|---|---|---|
| 1 | 9/566a | 104.16 ച. മീ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 2 | 13/185 C | 109.37 ച. മീ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/27-01-2023യ്ക്ക് പ്രസ്തുത അപാകം പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഉപയോഗക്രമം കൃത്യമായി രേഖപ്പെടുത്തി നികുതി നിർണ്ണയത്തിലെ കൃത്യത ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12-2 ഉയർന്ന വിസ്തീർണ്ണമുള്ള വാണിജ്യ സ്ഥാപനങ്ങൾക്ക് കുറഞ്ഞ വസ്തു നികുതി ഈടാക്കുന്നു

വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന വിഭാഗത്തിൽ വരുന്ന കെട്ടിടങ്ങൾക്ക് 60/- രൂപയാണ് അടിസ്ഥാന വസ്തുനികുതിയായി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്ന വിഭാഗത്തിൽ വരുന്ന കെട്ടിടങ്ങൾക്ക് 50/- രൂപ മുതൽ 70/- രൂപ വരെ നികുതിയായി നിശ്ചയിക്കാമെന്നിരിക്കെ ഏറ്റവും കുറവ് തുകയായ 50/- രൂപയാണ് ഈ വിഭാഗത്തിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയായി ഈടാക്കുന്നത്. നികുതി നിശ്ചയിച്ചതുമായി ബന്ധപ്പെട്ട കമ്മിറ്റി തീരുമാനം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/27-01-2023ന് കമ്മിറ്റി മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. 08-01-2012 ലെ കമ്മിറ്റി തീരുമാന പ്രകാരമാണ് നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത്. ഉയർന്ന വിസ്തീർണ്ണമുള്ള വാണിജ്യ സ്ഥാപനങ്ങൾക്ക് കുറഞ്ഞ വസ്തു നികുതി ഈടാക്കുന്നത് വസ്തു നികുതിയിനത്തിലെ വരവിൽ കുറവ് വരുത്തുന്നുണ്ട്. കാലോചിതമായി നികുതി പരിഷ്കരിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12-3 മൊബൈൽ ടവറിൽ നിന്നും വസ്തു നികുതിയിനത്തിലുള്ള 45360/- രൂപയുടെ കുടിശ്ശിക ഈടാക്കേണ്ടതാണ്

12/415 A കെട്ടിട നമ്പർ നൽകിയിട്ടുള്ള മൊബൈൽഫോൺ ടവറിൽ നിന്നും വസ്തു നികുതിയിനത്തിൽ ലഭിക്കേണ്ട 45360/- രൂപയുടെ കുടിശ്ശിക (2021-22 സാമ്പത്തിക വർഷം വരെ) നാളിതുവരെ ഈടാക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/27-01-2023ന് നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി അടിയന്തിരമായി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യമാണ്. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019 ലെ (സി. എസ്)എ9-764/2019 നം. ഉത്തരവു പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുമുണ്ട്. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന റേഷൻ കടകളിൽനിന്നും 2021-2022 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കുകയോ, അവയ്ക്ക് ഫാക്ടറി-വ്യാപാര ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ല. തൊഴിൽ നികുതി

ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23 ന നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വ്യാപാരികളുടെ ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കുമ്പോൾ റേഷൻ കടകളുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും കൃത്യമായ ഡിമാന്റ് നോട്ടീസിലൂടെ തൊഴിൽ നികുതിയിനത്തിലും ലൈസൻസ് ഫീസിനത്തിലും ലഭിക്കേണ്ട വരുമാനം ഉറപ്പുവരുത്തേണ്ടതുമാണ്. റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ ഈടാക്കേണ്ടതാണ്.

## 1-14 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

സഞ്ചയ പ്രകാരം 1271 കടമുറികൾ പഞ്ചായത്തു പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലൈസൻസ് രജിസ്റ്ററിൽ 247 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | ട്രേഡേഴ്സ് ലിസ്റ്റിലുള്ള സ്ഥാപനങ്ങൾ | സഞ്ചയ പ്രകാരം രജിസ്റ്റർ ചെയ്ത കടമുറികൾ |
|---|---|---|
| വാർഡ് I | 16 | 56 |
| വാർഡ് II | 5 | 34 |
| വാർഡ് III | 5 | 39 |
| വാർഡ് IV | 24 | 84 |
| വാർഡ് V | 16 | 49 |
| വാർഡ് VI | 8 | 44 |
| വാർഡ് VII | 6 | 47 |
| വാർഡ് VIII | 13 | 44 |
| വാർഡ് IX | 17 | 64 |
| വാർഡ് X | 8 | 40 |
| വാർഡ് XI | 5 | 46 |
| വാർഡ് XII | 43 | 241 |
| വാർഡ് XIII | 23 | 199 |
| വാർഡ് XIV | 14 | 62 |
| വാർഡ് XV | 13 | 55 |
| വാർഡ് XVI | 14 | 69 |

| | | |
|---|---|---|
| വാർഡ് XVII | 17 | 98 |
| ആകെ | 247 | 1271 |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യസ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾക്കനുസൃതമായി യഥാസമയം ലൈസൻസ് നൽകുന്നതുവഴി പരിസ്ഥിതി ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിന്റെ വർദ്ധനവിനും ആയത് പഞ്ചായത്തിന്റെ വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായമാകുന്നതാണ്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും, അപ്രകാരം തനത് ഫണ്ടിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 ഇ-ടെൻഡർ ഫോറം വില ലഭ്യമായിട്ടില്ല

ഇ-ടെൻഡർ മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ ടെൻഡർ ഫോം വില പഞ്ചായത്തിന് ലഭിച്ചിട്ടില്ല. 2019-20 മുതലുള്ള ഫോറം വില ജില്ലാ പഞ്ചായത്ത് അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത് പ്രസ്തുത അക്കൌണ്ടിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.9/23, തീയതി :24.01.2023) മറുപടിയായി ഫോറം വിലയുടെ വിശദ വിവരങ്ങൾ അടിയന്തിരമായി ജില്ലാ പഞ്ചായത്തിൽ അറിയിച്ച് തുക പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൌണ്ടിലേയ്ക്ക് കൈമാറിക്കിട്ടുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം ലഭിക്കാനുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ലഭിക്കാനുള്ള തുക |
|---|---|
| 2019-20 | 103032 |
| 2020-21 | 45280 |
| 2021-22 | 20160 |
| ആകെ | 168472/- |

പഞ്ചായത്തിന് അർഹമായ തുക തിരികെ ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

സർക്കുലർ നം ഡിബി1/7942/2010/സിഇ/തസ്വഭവ 17.08.2017 നിർദേശാനുസരണം ഇ-ടെൻഡറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ശാഖയിൽ ഔദ്യോഗിക മേൽ വിലാസത്തിൽ അക്കൌണ്ട് തുടങ്ങേണ്ടതാണെന്ന് നിർദേശമുണ്ടായിരുന്നെങ്കിലും നാളിതുവരെ അക്കൌണ്ട് തുടങ്ങിയിട്ടില്ല. സർക്കാർ നിർദേശം പാലിച്ച് അക്കൌണ്ട് ഓപ്പൺ ചെയ്ത് അറിയിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ

അതിയന്നൂർ ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

## 1-16-1 തൊഴിൽ നികുതിയായി ഈടാക്കിയതിൽ കുറവ്

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ജീവനക്കാരിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത്‌രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഈടാക്കേണ്ടിയിരുന്ന തുകയിൽ നിന്നും കുറവ് തുക തൊഴിൽ നികുതിയായി ഈടാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു

| ക്രമ നം | രജിസ്റ്ററിലെ പേജ് നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം (വരുമാന പത്രിക പ്രകാരം) | അർദ്ധ വർഷം | ഒടുക്കിയ തൊഴിൽ നികുതി | ഒടുക്കേണ്ടിയിരുന്ന തൊഴിൽ നികുതി | വ്യത്യാസം |
|---|---|---|---|---|---|---|---|---|
| 1 | 10 | ഗവ. എൽ.പി.എസ് അവണാകുഴി | ശൈലകുമാർ കെ. പി (പി.ടി.സി.എം) | 120778 | I | 750 | 1000 | 250 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | 10 | ഗവ. എൽ.പി.എസ് അവണാകുഴി | ശൈലകുമാർ കെ. പി (പി.ടി.സി.എം) | 120778 | II | 750 | 1000 | 250 |
| 3 | 10 | ഗവ. എൽ.പി.എസ് വെൺപകൽ | പ്രസന്നകുമാരി അമ്മ (പി.ടി.സി.എം) | 122036 | I | 750 | 1000 | 250 |
| 4 | 38 | സെന്റ് മേരീസ് എച്ച് . എച്ച്. എസ് കമുകിൻകോട് | സ്റ്റീഫൻ വി (പ്രിൻസിപ്പാൾ) | 330840 | I | 450 | 1250 | 800 |
| 5 | 38 | സെന്റ് മേരീസ് എച്ച് . എച്ച്. എസ് കമുകിൻകോട് | ജയ വിജയാ ജെ.എം (HSST Malayalam) | 282060 | I | 450 | 1250 | 800 |
| 6 | 38 | സെന്റ് മേരീസ് എച്ച് . എച്ച്. എസ് കമുകിൻകോട് | ബിജി ഡി എസ് (HSST Maths) | 255960 | I | 300 | 1250 | 950 |
| 7 | 38 | സെന്റ് മേരീസ് എച്ച് . എച്ച്. എസ് കമുകിൻകോട് | ബീന കെ. ആർ (HSST Hindi) | 251280 | I | 300 | 1250 | 950 |
| 8 | 38 | സെന്റ് മേരീസ് എച്ച് . എച്ച്. എസ് കമുകിൻകോട് | റീന ജെ. എസ് (HSST Physics) | 252540 | I | 300 | 1250 | 950 |
| 9 | 38 | സെന്റ് മേരീസ് എച്ച് . എച്ച്. എസ് കമുകിൻകോട് | ഷേർളി ജെ (HSST Zoology) | 247680 | I | 300 | 1250 | 950 |
| | | | | | | | ആകെ | 6150 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/ 28-01-2023ന് സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നിശ്ചിത പ്രൊഫോമയുടെ അടിസ്ഥാനത്തിലാണ് തുക ഈടാക്കിയിട്ടുള്ളതെന്നും മേൽ സ്ഥാപനങ്ങൾക്ക് അധികമായി അടവാക്കേണ്ട തുക അടിയന്തിരമായി അടവാക്കുന്നതിന് നിർദ്ദേശം നൽകി വിവരം സമർപ്പിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നികുതി പൂർണ്ണമായി ഈടാക്കി പ്രസ്തുത വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്.

## 1-16-2 ജീവനക്കാരുടെ വരുമാനം സംബന്ധിച്ച വിവരങ്ങളിൽ പൊരുത്തക്കേട്

1996 ലെ കേരള പഞ്ചായത്ത്രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ജീവനക്കാരിൽ നിന്നും നികുതി പിരിച്ചെടുത്ത് അടയ്ക്കുമ്പോൾ ജീവനക്കാരുടെ ശമ്പളം വെളിപ്പെടുത്തി ഓഫീസ് മേധാവി/ സ്ഥാപന ഉടമ സമർപ്പിക്കുന്ന ലിസ്റ്റ് , തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ജീവനക്കാരുടെ രണ്ട് അർദ്ധ വർഷങ്ങളിലെയും ശമ്പളത്തിൽ ഭീമമായ വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രജിസ്റ്ററിലെ പേജ് നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | ഒന്നാം അർദ്ധ വാർഷിക വരുമാനം | ശരാശരി മാസ വരുമാനം | രണ്ടാംഅർദ്ധ വാർഷിക വരുമാനം | ശരാശരി മാസ വരുമാനം |
|---|---|---|---|---|---|---|---|
| 1 | 10 | ഗവ. എൽ.പി.എസ് വെൺപകൽ | പ്രസന്നകുമാരി അമ്മ (പി.ടി.സി.എം) | 122036 | 20339 (122036/6) | 24298 | 4050 (24298/6) |
| 2 | 38 | സെന്റ് മേരീസ് എച്ച് . എച്ച്. എസ് കമുകിൻകോട് | സ്റ്റീഫൻ വി (പ്രിൻസിപ്പാൾ) | 330840 | 55140 | 55140 | 9190 |
| 3 | 38 | സെന്റ് മേരീസ് എച്ച് . എച്ച്. എസ് കമുകിൻകോട് | ജയ വിജയാ ജെ.എം (HSST Malayalam) | 282060 | 47010 | 47010 | 7835 |
| 4 | 38 | സെന്റ് | ബിജി ഡി | 255960 | 42660 | 42660 | 7110 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | മേരീസ് എച്ച് . എച്ച്. എസ് കമുകിൻകോട് | എസ് (HSST Maths) | | | | |
| 5 | 38 | സെന്റ് മേരീസ് എച്ച് . എച്ച്. എസ് കമുകിൻകോട് | ബീന കെ. ആർ (HSST Hindi) | 251280 | 41880 | 41880 | 6980 |
| 6 | 38 | സെന്റ് മേരീസ് എച്ച് . എച്ച്. എസ് കമുകിൻകോട് | റീന ജെ. എസ് (HSST Physics) | 252540 | 42090 | 42090 | 7015 |
| 7 | 38 | സെന്റ് മേരീസ് എച്ച് . എച്ച്. എസ് കമുകിൻകോട് | ഷേർളി ജെ (HSST Zoology) | 247680 | 41280 | 41280 | 6880 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/ 28-01-2023 ന് മേൽ സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും വിശദീകരണം ലഭ്യമാകുന്ന മുറയ്ക്ക് മറുപടി അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആഫീസ് മേധാവിയോ തൊഴിലുടമയോ സമർപ്പിക്കുന്ന വിവരങ്ങളുടെ കൃത്യത പരിശോധിച്ചുറപ്പ് വരുത്തി മാത്രം നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-16-3 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതും മറ്റൊരു തദ്ദേശ സ്ഥാപനത്തിൽ തൊഴിൽ നികുതി അടവാക്കാത്ത ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തുമായി വിവിധ കരാറുകളിൽ ഏർപ്പെട്ട് 60 ദിവസത്തിലധികം പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ള കരാറുകാരുടെ പട്ടിക ലഭ്യമാക്കാനും ടി വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് എന്തെങ്കിലും കാരണം ബോധിപ്പിക്കാനുള്ള പക്ഷം ആയത് അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23 ന മറുപടിയായി ഈ സാമ്പത്തിക വർഷം മുതൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളിൽ ഏർപ്പെട്ട് 60 ദിവസത്തിലധികം പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-17 ഭരണസമിതി തീരുമാനത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

ചുവടെപ്പറയുന്ന ഭരണസമിതി തീരുമാനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ സംബന്ധമായ വിവരങ്ങൾ ഓഡിറ്റ് എൻക്വയറി നം. 19/27-01-2023 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | യോഗ തീയതി | അജണ്ട-തീരുമാനം നം. | തീരുമാനം |
|---|---|---|---|
| 1 | 11/05/21 | 3, 1 | കമുകിൻകോട് മാർക്കറ്റിൽ നിലവിലുള്ള വേസ്റ്റ് പിറ്റ് നിറഞ്ഞ് മലിനജലം പരിസര പ്രദേശത്ത് വ്യാപിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പിറ്റിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് ആയത് പുനരുപയോഗപ്രദമാക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കാൻ എൽ.എസ്.ജി.ഡി, അസിസ്റ്റന്റ് എൻജിനീയർ, ശ്രീമതി.ആശാറാണിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. |

| | | | |
|---|---|---|---|
| 2 | 23/07/21 | 16, 2 | അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ ഗവ. പുതിച്ചൽ യു.പി. സ്കൂളിന് പുതിയ കെട്ടിടനിർമ്മാണത്തിന് എം.എൽഎ. ഫണ്ട് ലഭ്യമാക്കുന്നതിനുള്ള ഹെഡ്മിസ്ട്രസ്സിന്റെ അപേക്ഷ കമ്മിറ്റിയിൽ വായിച്ചു. ആയത് ചർച്ച ചെയ്തതു പ്രകാരം കെട്ടിട നിർമ്മാണത്തിനു ഫണ്ട് ലഭ്യമാകുന്ന മുറക്ക് പുതിയ കെട്ടിട നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി പഴയ കെട്ടിടം പൊളിച്ചു മാറ്റി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. |
| 3 | 23/07/21 | 17, 1 | അതിയന്നൂർ ഗ്രാമപഞ്ചായത്തിൽ രാമപുരം വാർഡിൽ രണ്ടാം നമ്പർ അംഗൻവാടിയിൽ ഒരു മരം പട്ടും ഒരു മരം വൈദ്യുതി ലൈനിൽ തൊട്ടും നിൽക്കുന്നുവെന്നും അപകടകരമായ ഈ മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ള വാർഡ് മെമ്പറുടെ അപേക്ഷ കമ്മിറ്റിയിൽ ചർച്ച ചെയ്തു. ആയത് പ്രകാരം അപകടഭീഷണിയുള്ള മരങ്ങൾ മുറിച്ചു മാറ്റി ലേലം ചെയ്യുന്നതിനും ആയതിനുള്ള ചെലവ് തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും അനുവദിച്ച് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. |
| 6 | 17/11/21 | 25, 1 | അതിയന്നൂർ ഗ്രാമപഞ്ചായത്തിൽ തൊങ്ങൽ ജിഎൽപി സ്കൂൾ കോമ്പൌണ്ടിൽ അപകടകരമാകുംവിധം നിൽക്കുന്ന ആഞ്ഞിലിമരം മുറിച്ചു മാറ്റുന്നതിനുള്ള ഹെഡ്മിസ്ട്രസ്സിന്റെ കത്ത് കമ്മിറ്റിയിൽ വായിച്ചു ചർച്ച ചെയ്തു. ആയത് പ്രകാരം മരം മുറിച്ചു മാറ്റി ലേലം ചെയ്യുന്നതിനും ആയതിന് വേണ്ടി വരുന്ന ചെലവ് തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും അനുവദിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. |
| 7 | 17/11/21 | 44, 1 | അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ പുതിച്ചൽ ജി.യു.പി. സ്കൂളിലെ പ്രൈമറി സെക്ഷനിലെ ക്ലാസ് മുറിക്കു മുകളിലായി അപകടകരമായി നിൽക്കുന്ന ബദാം മരം മുറിക്കുന്നതിനുള്ള ഹെഡ്മിസ്ട്രസ്സിന്റെ അപേക്ഷ കമ്മിറ്റിയിൽ വായിച്ചു ചർച്ച ചെയ്തു. ആയത് പ്രകാരം അപകടകരമായി നിൽക്കുന്ന ബദാം മരം മുറിച്ച് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ആയതിനുള്ള ചെലവ് തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുവദിച്ചും തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. |
| 8 | 20/12/21 | 16, 1 | നെല്ലിമൂട് മാർക്കറ്റ് സംബന്ധിച്ച് നെല്ലിമൂട് മാർക്കറ്റ് വ്യാപാരികൾ സമർപ്പിച്ച അപേക്ഷ കമ്മിറ്റിയിൽ സമർപ്പിച്ചു. കണ്ണറവിളയിൽ വഴിയോരക്കച്ചവടം രാവിലെ മുതൽ രാത്രി വരെയാണ്. ഈ അനധികൃത ചന്ത കൂടുന്നതിനാൽ നെല്ലിമൂട് മാർക്കറ്റിൽ ആളുകൾ സാധനങ്ങൾ വാങ്ങാൻ വരുന്നത് ക്രമാതീതമായി കുറഞ്ഞെന്നും ഈ കാരണത്താൽ നെല്ലിമൂട് ചന്തയിൽ കച്ചവടം നടത്തുന്ന മത്സ്യവിൽപ്പനക്കാർക്കും വ്യാപാരികൾക്കും ഭീമമായ സാമ്പത്തിക നഷ്ടം ഉണ്ടായിരിക്കൊണ്ടിരിക്കുകയാണെന്നും ആയതിനാൽ നെല്ലിമൂട് ചന്തയുടെ വളർച്ചക്കും പുരോഗതിക്കും കണ്ണറവിളയിൽ അനധികൃത ചന്ത കൂടുന്നത് നിരോധിച്ച് പരിഹാരം കാണണമെന്നാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. ആയത് കമ്മിറ്റിയിൽ ചർച്ച ചെയ്തതു പ്രകാരം കണ്ണറവിളയിൽ ചന്തക്ക് സ്ഥലം കണ്ടെത്തി മാറ്റി പ്രവർത്തിപ്പിക്കുന്നതിന് തീരുമാനിച്ചു. |

ഭരണസമിതി തീരുമാനത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ലേല നടപടികളിലെ അപാകങ്ങൾ

ലേല നടപടികളുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-18-1 ലേല നടപടികളുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തി

കാലികമാക്കി സൂക്ഷിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലെ ലേല രജിസ്റ്ററിൽ 2021-22 സാമ്പത്തിക വർഷത്തിൽ നടത്തിയ ലേലവുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ പൂർണമായി ചേർത്തിട്ടില്ല. നെല്ലിമൂട് മാർക്കറ്റ് ഗേറ്റ്ഫീ പിരിവ്, കമുകിൻകോട് മാർക്കറ്റ് ഗേറ്റ്ഫീ പിരിവ്, നെല്ലിമൂട് കംഫർട്ട് സ്റ്റേഷൻ എന്നിവയുടെ ലേലവുമായി ബന്ധപ്പെട്ട വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

ഗ്രാമ പഞ്ചായത്തിലെ ലേല ഡയറി പരിശോധിച്ചതിൽ നിന്നും ചുവടെ ചേർക്കുന്ന ലേല വസ്തുക്കൾ 28-09-2021, 6-10-2021, 10-11-2021, 17-12-2021 എന്നീ തീയതികളിൽ വിവിധ കാരണങ്ങളാൽ പുനർലേലം നടത്തിയിട്ടുള്ളതായി കാണുന്നു. എന്നാൽ ടി ലേല നടപടികളുമായി ബന്ധപ്പെട്ട യാതൊരുവിധ വിവരങ്ങളും ലേല രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ ടി ലേല ഇനങ്ങളിൽ നിന്നുള്ള വരവ് സംബന്ധമായ വിവരങ്ങൾ പരിശോധിച്ച് ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. ലേലം ഉറപ്പിച്ചത് സംബന്ധിച്ച് ലേല ഡയറിയിലും പൂർണ്ണമായ വിവരങ്ങൾ ചേർത്തിട്ടില്ല. പ്രസ്തുത ഇനങ്ങളുടെ ലേലത്തിൽ ലഭിച്ച ഉയർന്ന തുക, ഭരണ സമിതി അംഗീകാരം നൽകി ലേല തുക ഉറപ്പിച്ച തീയതി എന്നിവ സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/27-01-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രസീത് നമ്പറും തീയതിയും ലഭ്യമല്ലാത്തതിനാൽ ലേലം പിടിച്ച വ്യക്തികൾ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ടോ എന്ന കാര്യത്തിലും വ്യക്തതയില്ല . വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം. | ലേല വസ്തു |
|---|---|
| 1 | ചുണ്ടവിളാകം സ്കൂളിലെ മേൽക്കൂര പൊളിച്ച ഷീറ്റും ആഞ്ഞിലിത്തടിയും |
| 2 | അരംഗമുകൾ വാർഡിലെ ട്രാൻസ്ഫോമറിന് സമീപം മുറിച്ചിട്ടിരിക്കുന്ന 2 ആഞ്ഞിലി മരം |
| 3 | അഴകറത്തല ചാനൽക്കരയിൽ മുറിച്ചിട്ടിരിക്കുന്ന 6 തെങ്ങ് |
| 4 | പഞ്ചായത്തിലെ ഉപയോഗശൂന്യമായ ഫർണിച്ചറുകൾ |
| 5 | നെല്ലിമൂട് ചന്തയിലെ റൂഫ് ഷീറ്റും ജി. ഐ പൈപ്പും |

ലേല നടപടി സംബന്ധമായ പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-18-2 നെല്ലിമൂട് മാർക്കറ്റ് ഗേറ്റ് ഫീ പിരിക്കുന്നതിനുള്ള അവകാശ ലേലം, കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ നെല്ലിമൂട് മാർക്കറ്റിന്റെ 2021-22 വർഷത്തെ ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള ലേലം വിളിച്ച് അംഗീകരിക്കപ്പെട്ട സുകുമാരൻ എന്നയാൾ ഗേറ്റ് ഫീസ് അടവാക്കുന്നതിൽ കുടിശ്ശിക വരുത്തിയതിനാൽ നിയമ നടപടികൾ സ്വീകരിക്കുന്ന വിഷയം 17-11-2021 ലെ ഭരണ സമിതി യോഗത്തിൽ ചർച്ച ചെയ്ത് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ( നം. 19/1). റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളതായി ഫയൽ പരിശോധനയിൽ അറിയാൻ കഴിഞ്ഞു. തുടർ നടപടികൾ അറിയിക്കണമെന്നാശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം . 19/27-01-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 800000/- രൂപയ്ക്കാണ് ടി വ്യക്തിയ്ക്ക് ലേലം ഉറപ്പിച്ച് നൽകിയിട്ടുള്ളത്. 200000/- രൂപയാണ് നാളിതുവരെ ഒടുക്കിയിട്ടുള്ളത്. കോവിഡ് നിയന്ത്രണങ്ങൾ കാരണം 76 ദിവസം മാർക്കറ്റ് അടച്ചിടുകയുണ്ടായി. പൂട്ടിക്കിടന്ന കാലയളവിലെ ഗേറ്റ് ഫീ കഴിച്ച് ബാക്കി തുക എത്രയും പെട്ടെന്ന് ഈടാക്കി വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്. വഴിയോരക്കച്ചവടം കാരണം തനിക്ക് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടെന്നും ആയതിനാലാണ് തുക ഒടുക്കാൻ സാധിക്കാത്തതെന്നും ടി വ്യക്തി അറിയിച്ചിട്ടുണ്ട്. അനധികൃതമായി പ്രവൃത്തിക്കുന്ന വഴിയോരക്കച്ചവടം അവസാനിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 വീട്ടുവളപ്പിലെ കുളത്തിൽ മത്സ്യ കൃഷി-പദ്ധതി നടപ്പിലായില്ല

പദ്ധതി നമ്പർ : 18
പദ്ധതിയുടെ പേര് : വീട്ടുവളപ്പിലെ കുളത്തിൽ മത്സ്യ കൃഷി
അടങ്കൽ തുക : 12,30,000/-
ഫണ്ടിനം:
വികസന ഫണ്ട് : 2,54,400/-
കേന്ദ്രാവിഷ്കൃത ഫണ്ട് : 1,84,000/-
സംസ്ഥാന ഫണ്ട് : 1,64,000/-
മെയിന്റനൻസ് ഫണ്ട് : 6,27,600/-

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസിന്റെ നിർവ്വഹണത്തിൽ വിവിധ ഫണ്ടുകൾ വകയിരുത്തി പ്രോജക്ട് അംഗീകാരം വാങ്ങിയെങ്കിലും പ്രസ്തുത പദ്ധതി നടപ്പിലായില്ല. പദ്ധതി നടപ്പിലാകാതിരുന്നതിനെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (01/2023,23.01.2023) മറുപടിയായി ഗുണഭോക്ത പട്ടികയിൽ ഉണ്ടായിരുന്ന 14 പേരിൽ ഒരാൾ മാത്രമാണ് ഈ പദ്ധതിയിൽ ഉൾപ്പെടാൻ താൽപര്യം കാണിച്ചതെന്ന് അറിയിക്കുകയുണ്ടായി. പദ്ധതിയിൽ ചേർന്ന ശ്രീ.സന്തോഷ് കുമാർ എന്ന ഗുണഭോക്താവ് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയെങ്കിലും പഞ്ചായത്തിൽ ഫണ്ട് ഇല്ലെന്ന കാരണം പറഞ്ഞ് പദ്ധതി വിഹിതം മാറി നൽകിയില്ല. 2021-'22 സാമ്പത്തിക വർഷത്തിൽ വികസന ഫണ്ട് ചെലവിടാത്തതിനാൽ സംസ്ഥാന ഫണ്ടും ചെലവഴിക്കാൻ കഴിഞ്ഞില്ല. പദ്ധതി രൂപീകരണ സമയത്ത് പാളിച്ച സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. സർക്കാർ വികസന പദ്ധതികൾക്കായി അനുവദിക്കുന്ന തുക പൂർണമായും ഫലപ്രദമായും വിനിയോഗിക്കാൻ പരമാവധി ശ്രമിക്കേണ്ടതാണ്.

## 1-20 ആയുർവേദ ഔഷധങ്ങൾ ലഭ്യമാകാൻ കാലതാമസം

വിശദാംശങ്ങൾ താഴെ. നിർവ്വണ ഉദ്യോഗസ്ഥനം, മരുന്ന വിതരണക്കാരുമായുള്ള കരാറിന്റെ ഒന്നാം നിബന്ധന പ്രകാരം മരുന്നുകളുടെ വില നൽകി 60 ദിവസത്തിനകം മരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്യുമെന്നായിരുന്നു. എന്നാൽ ഔഷധങ്ങൾ സമയപരിധിക്കകത്ത് ലഭ്യമായില്ല.

പദ്ധതി നമ്പർ:177

പദ്ധതിയുടെ പേര്:കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക: 1,00,000/-

ചെലവ് തുക: 1,00,000/-

ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്

ബിൽ നമ്പർ, തീയതി: 02/2021-'22, 25.09.2021, 1,00,000/-

മേൽ പദ്ധതി പ്രകാരം മരുന്നുകളുടെ മുഴുവൻ വിലയായ 1,00,000/-രൂപ 25.09.2021 തീയതിയിൽ നൽകിയിരുന്നുവെങ്കിലും ചുവടെ വിവരിക്കും പ്രകാരം 19.04.2022 തീയതിയിലാണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്. മരുന്നുകളുടെ വില നൽകിയിട്ടും 7 മാസങ്ങൾ കഴിഞ്ഞ് മരുന്ന വിതരണക്കാരായ ഔഷധി, മരുന്നുകൾ വിതരണം ചെയ്യുത്.

| ക്രമ നമ്പർ | ബിൽ നമ്പർ, തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 01 | 90230212, 30.10.2021 | 48,694/- | 01.11.2021 |
| 02 | 90234931, 30.11.2021 | 21,077/- | 07.12.2021 |
| 03 | 90238783, 30.12.2021 | 23,368/- | 04.01.2022 |
| 04 | 90243767, 31.01.2022 | 4,263/- | 09.02.2022 |
| 05 | 90250918, 19.03.2022 | 2,598/- | 19.04.2022 |
| | ആകെ | 100000/- | |

II.

പദ്ധതി നമ്പർ: 85

പദ്ധതിയുടെ പേര്: ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക: 8,00,000/-

ചെലവ് തുക: 8,00,000/-

ഫണ്ടിനം: മെയിൻ്റനൻസ് ഫണ്ട്

ബിൽ നമ്പർ, തീയതി: 01/2021-'22, 06.10.2021, 8,00,000/-

മേൽ പദ്ധതി പ്രകാരം മരുന്നുകളുടെ മുഴുവൻ വിലയായ 8,00,000/-രൂപ 06.10.2021 തീയതിയിൽ നൽകിയിരുന്നുവെങ്കിലും ചുവടെ വിവരിക്കും പ്രകാരം 10.08.2022 തീയതിയിലാണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്. മരുന്നുകളുടെ വില നൽകിയിട്ടും 10 മാസങ്ങൾ കഴിഞ്ഞാണ് മരുന്ന വിതരണക്കാരായ ഔഷധി

മരുന്നുകൾ വിതരണം ചെയ്തത്.

| ക്രമ നമ്പർ | ബിൽ നമ്പർ, തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 01 | 90231773, 10.11.2021 | 1,23,903/- | 11.11.2021 |
| 02 | 90235119, 30.11.2021 | 4,31,706/- | 07.12.2021 |
| 03 | 90239237, 31.12.2021 | 1,17,509/- | 04.01.2022 |
| 04 | 90241500, 17.01.2022 | 8,848/- | 20.01.2022 |
| 05 | 90243761, 31.01.2022 | 19,713/- | 09.02.2022 |
| 06 | 90248834, 28.02.2022 | 28,623/- | 19.03.2022 |
| 07 | 90251382, 23.03.2022 | 22,320/- | 01.04.2022 |
| 08 | 90256936, 21.05.2022 | 28,424/- | 24.05.2022 |
| 09 | 90262193, 28.06.2022 | 16,538/- | 28.06.2022 |
| 10 | 90267613, 05.08.2022 | 2,419/- | 10.08.2022 |
| | ആകെ | 8,00,003/- | |

കരാർ തീയതി കഴിഞ്ഞും വൈകി മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഇടയായ സാഹചര്യവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (02/2023, 23.01.2023) മറുപടിയായി ഭാവിയിൽ ഔഷധങ്ങൾ കാലതാമസം കൂടാതെ വിതരണം ചെയ്യാമെന്ന് മരുന്ന് വിതരണക്കാർ അറിയിച്ചിട്ടുണ്ടെന്ന് വിശദീകരിച്ചിട്ടുണ്ട്. ആരോഗ്യ സ്റ്റാൻഡിംങ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-21 ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ഔഷധങ്ങൾ കാലഹരണ തീയതിക്ക് ശേഷവും വിതരണം ചെയ്തു

പദ്ധതി നമ്പർ: 85

പദ്ധതിയുടെ പേര്: ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക: 8,00,000

ചെലവ് തുക: 8,00,000

ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്

ബിൽ നമ്പർ, തീയതി: 01/2021-'22, 06.10.2021, 8,00,000/-

| ക്രമ നമ്പർ | ഔഷധങ്ങൾ | ഇൻവോയ്സ് നമ്പർ, തീയതി, തുക | കാലഹരണ തീയതി | ഔഷധങ്ങൾ വിതരണം ചെയ്ത തീയതി |
|---|---|---|---|---|
| 01 | പുനർന്ന വാദി കഷായ ചൂർണ്ണം | 90235119, 30.11.2021, 4,31,706/- | 09/2021 | 08/2022 |
| 02 | രാസ്നൈരണ്ഡാദി കഷായ ചൂർണ്ണം | 90235119, 30.11.2021, 4,31,706/- | 05/2022 | 07/2022 |

മുകളിൽ വിവരിച്ച ഔഷധങ്ങൾ കാലഹരണ തീയതിക്ക് ശേഷവും വിതരണം ചെയ്തു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (10/2023,25.01.2023) കാലഹരണ തീയതി കഴിഞ്ഞ മരുന്നുകൾ ഔഷധിക്ക് തിരികെ നൽകി മാറ്റി വാങ്ങിയെന്നും, എന്നാൽ മാറ്റി വാങ്ങിയ മരുന്നുകൾക്ക് ഇൻവോയ്സ് നൽകിയില്ലെന്നും

അറിയിച്ചു.

ഇതിനെ സാധൂകരിക്കുന്ന യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. കാലഹരണ തീയതിക്ക് ശേഷം മരുന്നുകൾ രോഗികൾക്ക് വിതരണം ചെയ്യുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഗുരുതരമായ വീഴ്ച്ചയാണ്. ഇവിടെ മരുന്നുകളുടെ കാലഹരണ തീയതി കഴിഞ്ഞിട്ടാണ് സ്റ്റോക്കിലെടുക്കുകയും അവ വിതരണം ചെയ്യുകയും ചെയ്തിട്ടുള്ളത് എന്നത് ഇതിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. ലഭ്യമാകുന്ന മരുന്നുകൾ അവ കാലഹരണ തീയതിയ്ക്കുള്ളിൽ തന്നെ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ജനങ്ങളുടെ ആരോഗ്യത്തിനും ജീവനും ഭീഷണിയാകുന്ന പ്രസ്തുത വിഷയത്തിൽ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-22 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ യഥാസമയം ലഭിച്ചില്ല

പദ്ധതി നമ്പർ : 43
പദ്ധതിയുടെ പേര് : ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക : 2,00,000/-
ചെലവ് തുക : 2,00,000
ഫണ്ടിനം : മെയിന്റനൻസ് ഫണ്ട്
ബിൽ നമ്പർ, തീയതി : 01/2021-'22, 20.12.2021, 2,00,000/-

മേൽ പദ്ധതി പ്രകാരം മരുന്നുകളുടെ മുഴുവൻ വിലയായ 2,00,000/- രൂപ 20.12.2021 തീയതിയിൽ നൽകിയിരുന്നുവെങ്കിലും ചുവടെ വിവരിക്കും പ്രകാരം 02.11.2022 തീയതിയിലാണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്. മരുന്നുകളുടെ വില നൽകിയിട്ടും 11 മാസങ്ങൾ കഴിഞ്ഞാണ് മരുന്നുകൾ ലഭ്യമായത്.

| ക്രമ നമ്പർ | ബിൽ നമ്പർ, തീയതി | തുക |
|---|---|---|
| 01 | എൽ. എഫ്. 123, 07.06.2022 | 1,12,312/- |
| 02 | എൽ. എഫ്. 912, 02.11.2022 | 87,688/- |
| | ആകെ | 2,00,000/- |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (03/ 23.01.2023) മറുപടിയായി മരുന്ന് വിതരണക്കാരായ 'ഹോംകോ ' യുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലെന്ന് അറിയിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥനും, മരുന്ന് വിതരണക്കാരും തമ്മിൽ കരാർ വയ്ക്കേണ്ടതും, മരുന്നുകൾ യഥാസമയം ലഭിച്ചുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ്.

## 1-23 'ഹോംകോ' യിൽ നിന്നും വിതരണം ചെയ്യുന്ന മരുന്നുകളുടെ ബില്ലുകളിൽ മരുന്നുകളുടെ ബാച്ച് നമ്പർ, ഉല്പാദന തീയതി, കാലഹരണ തീയതി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

പദ്ധതി നമ്പർ: 43
പദ്ധതിയുടെ പേര്: ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക: 2,00,000
ചെലവ് തുക: 2,00,000
ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്
ബിൽ നമ്പർ, തീയതി: 01/2021-'22, 20.12.2021, 2,00,000/-

'ഹോംകോ' യിൽ നിന്നും വിതരണം ചെയ്യുന്ന മരുന്നുകളുടെ ബില്ലുകളിൽ മരുന്നുകളുടെ ബാച്ച് നമ്പർ, ഉല്പാദന തീയതി, കാലഹരണ തീയതി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. മരുന്നുകൾ സ്റ്റോക്കിലെടുക്കുമ്പോൾ ഗുണമേന്മ ഉറപ്പ് നൽകുന്ന ഈ വിവരങ്ങൾ ഇല്ലാതെ മരുന്നുകൾ സ്റ്റോക്കിലെടുക്കേണ്ടി വരുന്നു. പ്രസ്തുത വിവരങ്ങൾ കൂടി ബില്ലുകളിൽ ഉൾക്കൊള്ളിക്കുന്നതിന് മരുന്ന് വിതരണക്കാരോട് ആവശ്യപ്പെടുന്നതായി ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 18/2023, 27.01.2023) മറുപടിയായി അറിയിച്ചിട്ടുണ്ട്.

## 1-24 മരുന്ന് വാങ്ങൽ, സി.എച്ച്.സി, വെൺ പകൽ - മരുന്നുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

പദ്ധതി നമ്പർ :110
പദ്ധതിയുടെ പേര് : മരുന്ന് വാങ്ങൽ, സി.എച്ച്.സി, വെൺ പകൽ
അടങ്കൽ തുക : 6,00,000/-

ചെലവ് തുക :6,00,000/-

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട്

ബിൽ നമ്പർ, തീയതി:

1. 16/2021-'22, 20.01.2022- 2,00,000/-

2. 17/2021-'22,20.01.2022, 1,00,000/-

3. 20/2021-'22,22.03.2022, 2,00,000/-

4. 23/2021-'22,31.03.2022, 1,00,000/-

മേൽ പദ്ധതിയിൽ മരുന്നുകൾ വാങ്ങി സ്റ്റോക്കിൽ ചേർത്തിട്ടുണ്ട്. എന്നാൽ, മരുന്നുകൾ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ആവശ്യപ്പെട്ടുവെങ്കിലും (ഓഡിറ്റ് അന്വേഷണം - 38/ 2023, 31.01.2023 ) അവ ലഭ്യമാക്കിയില്ല. ഇ - ഹെൽത്ത് എന്ന സൈറ്റിൽ രേഖകൾ ഉണ്ടെന്ന് അറിയിച്ചെങ്കിലും അവ പരിശോധിക്കുന്നതിനുള്ള സംവിധാനമോ , അതിന്റെ സോഫ്റ്റ് കോപ്പിയോ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല. മരുന്നുകൾ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-25 ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിന് അംഗീകാരം ലഭ്യമായിട്ടില്ല

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 ൽ വ്യക്തിഗതാനുകൂല്യങ്ങൾ നൽകുന്നതിന് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കിയ പദ്ധതികളുടെ ഗുണഭോക്താക്കളെ ഭരണസമിതി തിരഞ്ഞെടുത്തിരിക്കുന്നു. ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗ്ഗരേഖ പ്രകാരം വ്യക്തിഗതാനുകൂല്യങ്ങൾക്കായുള്ള ഗുണഭോക്തൃ ലിസ്റ്റ് അടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

വാർഡ് 12ലെ മിനുട്സ് ബുക്കിൽ 12.02.2021 ൽ ചേർന്ന യോഗത്തിൽ ജനകീയാസൂത്രണം 2021-22 പദ്ധതി രൂപീകരണത്തിന്റെ ഭാഗമായുള്ള ഗുണഭോക്തൃ പട്ടിക സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയോ സാധൂകരണം നടത്തുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി 27 ന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്തൃ പട്ടിക സംബന്ധിച്ച വിവരങ്ങൾ അടുത്ത് വരുന്ന ഗ്രാമസഭയിൽ സാധൂകരണം വാങ്ങുന്നതാണെന്ന വിവരമാണ് ലഭ്യമാക്കിയത്.

പ്രാദേശിക ഭരണസംവിധാനത്തിൽ ജനങ്ങൾക്ക് നേരിട്ട് പങ്കാളികളാകാൻ അവസരം നൽകുന്ന ജനാധിപത്യ വേദികളാണ് ഗ്രാമസഭകൾ. വോട്ടർപട്ടികയിൽ പേരുള്ള എല്ലാവരും ആ ഗ്രാമസഭയിൽ അംഗങ്ങളാണ്. ഗ്രാമസഭ യോഗത്തിന്റെ മിനുട്സും തീരുമാനങ്ങളും യോഗസ്ഥലത്ത് വെച്ചുതന്നെ എഴുതി പൂർത്തീകരിക്കേണ്ടതാണ്. തീരുമാനങ്ങൾ യോഗാവസാനം അംഗങ്ങളെ വായിച്ച് കേൾപ്പിക്കേണ്ടതാണ്. നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾക്കനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹമായ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുക എന്നത് ഗ്രാമസഭയുടെ അധികാരവും അവകാശവുമാണ്. ഗ്രാമസഭ അംഗീകരിച്ച് നൽകുന്ന ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമത്തിൽ ഗ്രാമപഞ്ചായത്ത് മാറ്റം വരുത്താൻ പാടില്ല. ഈ ചട്ടങ്ങളൊക്കെ നിലവിലിരിക്കെ ഗ്രാമസഭ അംഗീകരിക്കാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വസ്തുത പരിശോധിക്കേണ്ടതും ആവശ്യമായ തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-26 ആസ്തി സംരക്ഷണവും പരിപാലനവും - സർക്കാർ നിർദേശം പാലിക്കേണ്ടതാണ്

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. അതിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിട്ടുണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം, ഉടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിൽ അതിന്റെ വിശദവിവരം, ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നതിന്റെ വിവരം, മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് 2021-22 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു, എന്നിവയുടെ വിശദാംശം രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിന് (ഓഡിറ്റ് അന്വേഷണം നം.9/23, തീയതി :25.01.2023) ആസ്തികൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട് എന്ന് മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. റോഡ്, നടപ്പാത തുടങ്ങിയ ആസ്തികൾ R-Track Softwareമുഖേന ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ടെന്നും ഒന്നാം ഘട്ട വെരിഫിക്കേഷൻ വരെയുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

മേൽ ഉത്തരവിലെ മുഴുവൻ നിർദേശങ്ങളും പാലിച്ച് ആസ്തി സംരക്ഷണം ഉറപ്പാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-27 നെല്ലിമൂട് മാർക്കറ്റ് തൊങ്ങൽ കുറ്റിത്താന്നി റോഡ് സൈഡ് വാൾ നിർമ്മാണം - പ്രവൃത്തി പൂർത്തീകരിക്കാതെ ഉപേക്ഷിച്ചു

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | നെല്ലിമൂട് മാർക്കറ്റ് തൊങ്ങൽ കുറ്റിത്താന്നി റോഡ് സൈഡ് വാൾ നിർമ്മാണം (206/22) |
| അടങ്കൽ തുക | 499000/- |
| ചെലവ് തുക | 442471/- |
| ബിൽ നം തീയതി | 9/26.8.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് അനുസരിച്ച് 110 Mtr നീളത്തിൽ സൈഡ് വാളും 210 Mtr നീളത്തിൽ ബേം കോൺക്രീറ്റും ചെയ്യുന്നതിനാണ് സാങ്കേതികാനുമതി ലഭ്യമായിട്ടുള്ളത്. പദ്ധതിയുടെ എം ബുക്ക് പ്രകാരം രണ്ട് ഘട്ടങ്ങളിലായി 52.35 Mtr നീളത്തിൽ സൈഡ് വാൾ കെട്ടുകയും 244 Mtr നീളത്തിൽ റോഡിന്റെ ഇരു വശങ്ങളിലും ബേം കോൺക്രീറ്റും ചെയ്തിരിക്കുന്നു. ആദ്യ പാർട്ട് ബിൽ പ്രകാരം പ്രവൃത്തിയ്ക്ക് തുക നൽകിയ അവസരത്തിൽ 2.5% റിടെൻഷൻ ആയി 9877/- രൂപ സെക്രട്ടറിയുടെ ആക്കൗണ്ടിൽ ഒടുക്കിയിരിക്കുന്നു. പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടില്ല. 28.9.2020 ൽ സൈറ്റ് ഹാന്റ് ഓവർ ചെയ്തെങ്കിലും പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചത് 9.8.2021 ലാണ്, ആറുമാസ കാലയളവാണ് അനുവദനീയമായിട്ടുള്ളത്. സൈറ്റിൽ തർക്കം ഉണ്ടായിരുന്നതിനാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ നീളവും പൂർത്തീകരിക്കുന്നതിന് സാധിച്ചില്ലായെന്നും തർക്കം പരിഹരിച്ചതിന് ശേഷം സൈഡ് വാൾ നിർമ്മാണം പൂർത്തീകരിക്കണം എന്ന് വാർഡ് മെമ്പർ അറിയിച്ചതു പ്രകാരം പാർട്ട് ബിൽ നൽകുകയും റിടെൻഷൻ ഈടാക്കുകയും ചെയ്തുവെന്നും വിശദീകരിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നമ്പർ 8/24.1.23 ന്റെ മറുപടി). തർക്കം പരിഹരിക്കപ്പെടാത്തതിനാൽ പ്രവൃത്തി ഉപേക്ഷിച്ചതായും അറിയിച്ചിട്ടുണ്ട്. പദ്ധതി ലക്ഷ്യം കൈവരിക്കാതെ ഉപേക്ഷിക്കേണ്ടിവന്നത് ഭരണസമിതിയുടെ വീഴ്ചയായി വിലയിരുത്തുന്നു. പരിഹാര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-28 നിയമാനുസൃത പിഴ ഈടാക്കുന്നതിൽ വന്ന അപാകത പരിഹരിച്ചു

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | അരങ്ങൽ ക്ഷേത്രം പൊറ്റയിൽ മുടിപ്പുര റോഡ് പുനരുദ്ധാരണം (179/22) |
| അടങ്കൽ തുക | 450000/- |
| ചെലവ് തുക | 449501/- |
| ബിൽ നം തീയതി | 6/ 26.08.2021 |
| എം ബുക്ക് നം | 315/21-22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ.രാമഭദ്രൻ കെ |

മേൽ പ്രവൃത്തി നിർവ്വഹണത്തിന് 23.9.2019 ൽ സൈറ്റ് ഹാന്റ് ഓവർ ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചത് 10.02.2021 ലാണ്. പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ചതിന്റെ കാരണം വ്യക്തമാക്കാതെ 22.1.2021 ലും 22.4.2020 ലും മൂന്ന് മാസം വീതം കാലയളവ് ദീർഘിപ്പിച്ച് നൽകി. അതിന് ശേഷം 6 മാസവും 19ദിവസവും കഴിഞ്ഞിട്ടാണ് 10.02.2021 ൽ പ്രവൃത്തി പൂർത്തീകരിച്ചത്. എം ബുക്ക് പ്രകാരം 1% പിഴ ഈടാക്കിയിരിക്കുന്നു.

കരാറുകാരന്റെ പിഴവ് മൂലം കാലയളവ് ദീർഘിപ്പിക്കേണ്ടി വന്നാൽ പിഎസി യുടെ 1% ഫൈൻ ഈടാക്കി പൂർത്തീകരണ കാലയളവിന്റെ 25% വരെ ദീർഘിപ്പിച്ച് നൽകാവുന്നതും തുടർന്ന് വരുന്ന കാലയളവിന് 2% പിഴ ഈടാക്കേണ്ടതുമാണ്. മേൽ പ്രവൃത്തിയുടെ കാലയളവ് നാല് മാസമായിരിക്കേ 1% ഫൈൻ ഈടാക്കി ഒരു മാസം അധികം അനുവദിക്കാവുന്നതും ശേഷിക്കുന്ന കാലയളവിന് 2% പിഴ ഈടാക്കേണ്ടതുമായിരുന്നു. അപ്രകാരം പിഴ ഈടാക്കാത്തതിന് കാരണം അറിയിക്കുന്നതിന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ (ഓഡിറ്റ് അന്വേഷണം നം.16/23, തീയതി :27.01.2023) 2% പിഴ 8026/-രൂപ രസിത് നം 1220104457/G011001 Dtd.30.01.2023 പ്രകാരം ഫ്രണ്ട് ഓഫീസിൽ ഒടുക്കിയിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികൾ സമയപരിധിയിൽ പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് സേവനം സമയബന്ധിതമായി ലഭ്യമാകുന്നതിന് ഭരണ സമിതി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-29 ഇലക്ട്രിക്കൽ രജിസ്ട്രേഷൻ ഇല്ലാത്ത കരാറുകാരൻ ഇലക്ട്രിക്കൽ പ്രവൃത്തി നിർവ്വഹിച്ചു

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | കൃഷി ഓഫീസ് മെയിന്റനൻസ് (214/22) |
| അടങ്കൽ തുക | 90000/- |

| | |
|---|---|
| ചെലവ് തുക | 90000/- |
| ബിൽ നം തീയതി | 20/8.11.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ. ചന്ദ്രൻ റ്റി |

മേൽ പദ്ധതി പ്രകാരം 40000/- രൂപയുടെ സിവിൽ പ്രവൃത്തികൾക്കും 60000/- രൂപയുടെ ഇലക്ട്രിക്കൽ പ്രവൃത്തി നടത്തിപ്പിനുമായാണ് സാങ്കേതികാനുമതി ലഭ്യമായിട്ടുള്ളത്. ഈ രണ്ട് പ്രവൃത്തികളും സി ക്ലാസ്സ് കാറ്റഗറിയിൽ നോൺ ഇലക്ട്രിക്കൽ രജിസ്ട്രേഷൻ നേടിയിട്ടുള്ള കരാറുകാരനാണ് നിർവ്വഹിച്ചിട്ടുള്ളതും ചെലവ് തുക കൈമാറിയിട്ടുള്ളതും. ഇലക്ട്രിക്കൽ പ്രവൃത്തി നോൺ ഇലക്ട്രിക്കൽ രജിസ്ട്രേഷൻ നേടിയിട്ടുള്ള കരാറുകാരൻ നിർവ്വഹിച്ചത് അനുവദനീയമല്ലാത്തതാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 30.01.2023 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.29/23 ന് മറുപടിയായി രണ്ട് പ്രവൃത്തികളും ഒരുമിച്ചാണ് ടെൻഡർ ചെയ്തതെന്നും എഗ്രിമെന്റ് വച്ച കരാറുകാരൻ ജില്ലാ പഞ്ചായത്ത് അക്രഡിറ്റഡ് ഇലക്ട്രിക്കൽ എഞ്ചിനീയറുടെ മേൽനോട്ടത്തിൽ ഇലക്ട്രിക് ലൈസൻസ് ഉള്ള ആളെക്കൊണ്ട് പ്രവൃത്തി ചെയ്തു എന്നും അറിയിച്ചു. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ ഈ വസ്തുതകൾ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതാണ്. സാങ്കേതിക വൈദഗ്ധ്യം ആവശ്യമായ പ്രവൃത്തികൾ യോഗ്യരായ കരാറുകാരെക്കൊണ്ടു തന്നെ നിർവ്വഹിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിന് ഭരണസമിതി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-30 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ദുരിതാശ്വാസ നിധി രൂപീകരിക്കാമെന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.14/27.1.23 ന്റെ മറുപടി). ഗ്രാമപഞ്ചായത്തിലെ നിർദ്ധനരായ വ്യക്തികൾക്ക് പ്രയോജനപ്പെടുന്നതിലേയ്ക്കായി ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്.

## 1-31 നിക്ഷേപ പ്രവൃത്തികളുമായി ബന്ധപ്പെട്ട ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 441923/- രൂപ തടസ്സപ്പെടുത്തുന്നു.

1. സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ നിക്ഷേപ പ്രവൃത്തികളുമായി ബന്ധപ്പെട്ട് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ ആയവയുടെ ധനവിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട ഫയലിനൊപ്പം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം . 11/ 27-01-2023 ന ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകും മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോ. നം | പദ്ധതിയുടെ പേര് | അടങ്കൽ | ഫണ്ട് | 2021-22 സാമ്പത്തിക വർഷത്തെ ചെലവ് | ബിൽ നം, തീ | UC ലഭിക്കേണ്ടത് |
|---|---|---|---|---|---|---|---|
| 1 | 1/22 | ഐ.കെ.എം - ന് തുക നൽകൽ | 100000 | വികസന ഫണ്ട്, പൊതു വിഭാഗം, സാധാരണ വിഹിതം | 72915 | 89/20-10-2021 | 72915 |
| 2 | 2/22 | എസ്. എസ്.കെ വിഹിതം നൽകൽ | 200000 | വികസന ഫണ്ട്, പൊതു വിഭാഗം, സാധാരണ വിഹിതം | 200000 | 88/13-10-2021 | 200000 |
| 3 | 243/22 | തോപ്പുവിള ഇടത്തുമൂല ചാനൽ ബണ്ട് റോഡ് സൈഡ് വാൾ ഇറിഗേഷന് ഡെപ്പോസിറ്റ് | 100000 | മെയിന്റനൻസ് ഫണ്ട് - റോഡ് | 100000 | 238/18-02-2022 | 100000 |
| | | | | | | ആകെ | 372915 |

നിക്ഷേപ പ്രവൃത്തികൾ ഏറ്റെടുക്കുന്ന സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി

കാണുന്നില്ല. ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിയിട്ടുണ്ടെന്ന് അതിനാൽ തന്നെ ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. മേൽപ്പറഞ്ഞ പദ്ധതികളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകും വരെ പദ്ധതിയിനത്തിലെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

2.

| പ്രോ. നം, പേര് | 236/22, വെൺപകൽ മാരാൻവിള റോഡ് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് 8 | | 244/22, കാവിൽ വിള റോഡ് , പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് 9 | |
|---|---|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | | സെക്രട്ടറി | |
| അടങ്കൽ | 187000 | വികസന ഫണ്ട്- ധനകാര്യ കമ്മിഷൻ അവാർഡ് | 187000 | വികസന ഫണ്ട്- ധനകാര്യ കമ്മിഷൻ അവാർഡ് |
| ചെലവ് | 187000 | സാംഖ്യാ ബിൽ നം . 308/ 23-03-2022 | 185000 | സാംഖ്യാ ബിൽ നം . 306/23-03-2022 |
| ധനവിനിയോഗ സാക്ഷ്യപത്ര പ്രകാരം വിനിയോഗിച്ച തുക | 159514 | | 143478 | |
| വിനിയോഗ ശേഷം ബാക്കിയുള്ള തുക | 27486 | | 41522 | |

മേൽപ്പറഞ്ഞതിൽ 236/22 പദ്ധതി പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ 187000/- രൂപയിൽ 159514/- രൂപ പൈപ്പ്ലൈൻ എക്സ്റ്റൻഷന വേണ്ടി ചെലവഴിച്ചിട്ടുള്ളതായും 244/22 പദ്ധതി പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ 185000/- രൂപയിൽ 143478/- രൂപ ചെലവഴിച്ചിട്ടുള്ളതായും കേരള വാട്ടർ അതോറിറ്റിയുടെ (Water Supply Division Neyyattinkara) ധനവിനിയോഗ സാക്ഷ്യ പത്രത്തിൽ നിന്നും വ്യക്തമായിട്ടുണ്ട്. ബാക്കി തുകയായ 69008/- (27486+41522) രൂപ വരും വർഷങ്ങളിലെ പദ്ധതികളിൽ ക്രമീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിനിയോഗ സാക്ഷ്യ പത്രമോ തുക തിരികെ ഈടാക്കിയതിന്റെ രേഖകളോ ഓഡിറ്റിന് ലഭ്യമാക്കും വരെ 69008/- രൂപയുടെ പ്രസ്തുത ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 ലൈഫ് മിഷൻ പദ്ധതി- അവലോകനം

കേരളത്തിലെ ഭവനരഹിതരുടെ പ്രശ്നങ്ങൾക്ക് സമഗ്ര പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി അതിയന്നൂർ ഗ്രാമപഞ്ചായത്തിൽ ആനുകൂല്യം നൽകിയതിന്റെ വിശദാംശങ്ങൾ

ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു. (എൻക്വയറി നമ്പർ 4/24.01.2023) ഗ്രാമപഞ്ചായത്തിൽ 34 പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട് ഇവരിൽ 12 പേർ സ്വന്തമായി ഭൂമിയുള്ളവരും 22 ഗുണഭോക്താക്കൾക്ക് പഞ്ചായത്തിൽ നിന്നും ഭൂമി വാങ്ങുവാൻ ധനസഹായം ലഭിച്ചവരുമാണ് .ആകെ കരാർ വച്ച 34 ഗുണഭോക്താക്കളിൽ 27 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 5 ഗുണഭോക്താക്കൾ മേൽക്കൂര വാർത്തു. ശേഷിക്കുന്ന രണ്ടുപേർ കരാർ വച്ചെങ്കിലും അഡ്വാൻസ് തുക നൽകിയിട്ടില്ല .

ലൈഫ് എസ് സി വിഭാഗത്തിൽ 19 ഗുണഭോക്താക്കൾ കരാർ വച്ചിട്ടുണ്ട് .ഇതിൽ ഒമ്പത് പേർക്ക് പഞ്ചായത്തിൽ നിന്നും ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. 10 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ച നാലുപേർ മേൽക്കൂര വാർത്തു. നാല് ഗുണഭോക്താക്കളുടെ പണി ലിന്റൽ മട്ടമെത്തിനിൽക്കുന്നു. ശേഷിക്കുന്ന ഒരു ഗുണഭോക്താവിന് പുതിയ കരാർ ആയതിനാൽ അഡ്വാൻസ്ഡ് നൽകിയിട്ടില്ല. എസ്.സി. അഡീഷണൽ ലിസ്റ്റ് പട്ടികജാതി വികസന വകുപ്പിൽ നിന്നും ലൈഫ് മിഷൻ മുഖേന കൈമാറിക്കിട്ടിയ അർഹരായ എട്ടു ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ടിട്ടുണ്ട് ആറുപേർ പണി പൂർത്തീകരിച്ചു. ഒരു ഗുണഭോക്താവ് ലിന്റൽ മട്ടം പണി പൂർത്തീകരിച്ചു. പുതുതായി കരാർ വച്ച ഒരു ഗുണഭോക്താവിന് നാൽപതിനായിരം രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

കരാറിൽ ഏർപ്പെട്ടിട്ടും അഡ്വാൻസ് തുക നൽകാത്തവർക്ക് ആയത് നൽകേണ്ടതും അഡ്വാൻസ് തുക നൽകിയിട്ടും പണി ആരംഭിക്കാത്തവർ സമയബന്ധിതമായി പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ളവർ ആയത് പൂർത്തീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-33 കന്നുകുട്ടി പരിപാലനം പദ്ധതി - മുഴുവൻ തുകയ്ക്കുമുള്ള വിനിയോഗ സാക്ഷ്യപത്രം -ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. - 109/22

ചെലവ് തുക-712500/- (വികസന ഫണ്ട്)

ബിൽ നം - 1/19.01.22 - 212500/-

4/19.01.22 - 287500/-

7/18.2.22 - 212500/-

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം പദ്ധതിക്കായി 2021-22 വർഷം 712500/- രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. SLBP പദ്ധതിയിൽ ചേർത്തിട്ടുള്ള നാലു മുതൽ 6 മാസം വരെ പ്രായമുള്ള പശുക്കുട്ടികൾക്ക് സബ്സിഡി തുകയായി 12500/- രൂപ തീരുന്നതുവരെ അല്ലെങ്കിൽ പ്രായം 30 മാസം വരെ ഇതിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ 50% വിലയിൽ കാലി തീറ്റ ഓരോ മാസവും തിരഞ്ഞെടുത്തിട്ടുള്ള ക്ഷീരസംഘം വഴി നൽകുന്നതിനാണ് തുക ചെലവഴിക്കുന്നത്. SLBP ഡെപ്യൂട്ടി ഡയറക്ടറുടെ 07.01.2023ലെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 363591.5 വിനിയോഗിച്ചതായും 348908.5/-രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നതായും പദ്ധതി നിലവിലും തുടരുന്നതായും അറിയിച്ചിരിക്കുന്നു. ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (6/ 24.01.2023) 21-22 വർഷത്തെ SLBP പദ്ധതി നിലവിൽ തുടർന്നു കൊണ്ടിരിക്കുന്നതായും അതിനാൽ അവശേഷിക്കുന്ന തുക ചെലവാക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കന്നുക്കുട്ടി പരിപാലനം എന്ന പദ്ധതിയ്ക്കായി മുൻവർഷങ്ങളിൽ നല്കിയ തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Financial Year | Fund Received From Local Body | Amount Utilised | Unspent Balance | Remarks |
|---|---|---|---|---|
| 2019-20 | 912500 | 903976 | 8524 | Scheme Was Completed On 8.1.2022 |
| 2020-21 | 700000 | 687719 | 12281 | Scheme Is Still Continuing |
| 2021-22 | 712500 | 363591.5 | 348908.5 | Scheme Is Still Continuing |

## 1-34 ഹരിതകർമ്മസേനാ തുടർപ്രവർത്തനങ്ങൾ

ഹരിതകേരളം മിഷന്റെ ഭാഗമായ മാലിന്യ സംസ്കരണപ്രവർത്തനങ്ങൾ നടത്തേണ്ടത് ഹരിത കർമ്മസേനയുടെ ആഭിമുഖ്യത്തിലാണ്.ഹരിത കർമ്മ സേന സംരംഭകർ നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതിനും ഹരിത സംരഭകർക്കുവേണ്ടി സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ സർക്കാരിതര ഏജൻസികളുമായുള്ള ഏകോപനം, ഹരിത സംരംഭകർക്കുള്ള വിഭവങ്ങളുടെ സമാഹരണം, വൈദഗ്ധ്യ പരിശീലനങ്ങൾ നൽകൽ, പരാതി പരിഹരിക്കൽ, ഹരിത ഉപകരണങ്ങളുടെ സമാഹരണവും വിതരണവും, കമ്മിറ്റി യോഗങ്ങൾ നടത്തൽ, കണക്കുകൾ സൂക്ഷിക്കൽ, സാമ്പത്തിക ഇടപാടുകൾ എന്നിവ ഹരിത കർമ്മ സേനാ കൺസോർഷ്യത്തിന്റെ ചുമതലയിൽപ്പെടുന്നു. അറ്റൻഡൻസ് രജിസ്റ്റർ, മിനിട്ട്സ് ബുക്ക്, ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. ഹരിത കൺസോർഷ്യത്തിന്റെ കണക്കുകൾ കൺസോർഷ്യം സെക്രട്ടറി എഴുതുകയും സമിതിയുടെ പൊതുയോഗത്തിൽ കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങുകയും ചെയ്യേണ്ടതാണ്. ഇപ്രകാരം ഹരിതകർമ്മസേനാ കൺസോർഷ്യം രൂപീകരിച്ചതിന്റെയും, വീടുകളിൽ നിന്നും,സ്ഥാപനങ്ങളിൽ നിന്നും പിരിച്ചെടുക്കേണ്ട യൂസർഫീയുടെ നിരക്ക്, ആയത് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെയും വിശദാംശവും ഓഡിറ്റ് എൻക്വയറിയിലൂടെ (5/24.01.2023) ആവശ്യപ്പെട്ടിരുന്നു.

20.07.2019ന് കൺസോർഷ്യം രൂപീകരിക്കുകയും 12.08.2017ലെ സർക്കാർ ഉത്തരവ് (സാധാ)നം. 1496/2020 /ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും പിരിച്ചെടുക്കേണ്ട യൂസർഫീയുടെ നിരക്ക് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. യൂസർഫീ ഇനത്തിൽ പിരിച്ചെടുത്ത തുകയുടെയും ഹരിത കർമ്മ സേന അംഗങ്ങൾക്ക് പ്രതിഫലം നൽകിയതിന്റെയും വിവരങ്ങൾ നല്കിയിട്ടുണ്ടെങ്കിലും ആയതിന്റെ കൃത്യത പരിശോധിക്കാനായി രേഖകൾ (രസീതുബുക്കുകളുടെ കൌണ്ടർ ഫോയിലും മറ്റു അനുബന്ധരജിസ്റ്ററുകളും) ഹാജരാക്കിയിട്ടില്ല.

മാർഗ്ഗരേഖ പ്രകാരം ഹരിത കർമ്മ സേനയ്ക്ക് വാർഡുകളിൽ നിന്നും മാലിന്യ ശേഖരണത്തിനായി യൂസർ ഫീസ്, അജൈവ മാലിന്യം ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിലൂടെ വരുമാനം, ആഘോഷങ്ങളും ഉത്സവങ്ങളും മറ്റ് പരിപാടികളും ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം ഏറ്റെടുത്ത് നടപ്പാക്കുന്നതിലൂടെയുള്ള വരുമാനം, ഹരിത ഉപകരണങ്ങളുടെ വില്പനയും സർവ്വീസും, പൊതു മാലിന്യ സംവിധാനങ്ങളുടെ നടത്തിപ്പ്, കാർഷിക സേനയായി പ്രവർത്തിക്കുന്നതിൽ നിന്നുള്ള വരുമാനം എന്നിങ്ങനെ വിവിധങ്ങളായ വരുമാന സ്രോതസ്സുകൾ വിഭാവനം ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ഹരിത കർമ്മ സേനാ പ്രവർത്തനം യൂസർ ഫീസ് കളക്ഷനിൽ മാത്രം ഒതുങ്ങുന്നു. ഹരിത കർമ്മ കൺസോർഷ്യത്തിന്റെ ക്യാഷ് ബുക്ക് തയ്യാറാക്കേണ്ടതാണ്. യൂസർഫീസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക, ഹരിത കർമ്മസേനാംഗങ്ങൾക്ക് വിതരണം ചെയ്യുന്ന തുക എന്നിവയ്ക്ക് പഞ്ചായത്തിൽ കൃത്യമായി കണക്കുകൾ സൂക്ഷിക്കേണ്ടതാണ്. ഹരിത കർമ്മസേനാ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. യൂസർ ഫീസ് ഒഴികെയുള്ള സ്രോതസ്സുകളിൽ നിന്നും വരുമാനം കണ്ടെത്തുന്നതിനും സംരഭകത്വ പ്രവർത്തനങ്ങൾ

ആരംഭിക്കുന്നതിനും ഹരിത കർമ്മ സേന നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ

| വിഹിതം നൽകിയ സ്ഥാപനം | വർഷം | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 560000 | ന്യൂ ലൈഫ് ഭവന പദ്ധതി | 560000 | 0 |
| | | 1000000 | ലൈഫ് ഭവന പദ്ധതി-2022 | 1000000 | 0 |
| | | 80000 | ന്യൂ ലൈഫ് എസ്.സി | 80000 | 0 |
| | | 323625 | സ്നേഹ സ്പർശം | 323625 | 0 |
| | | 251770 | ക്ഷീര സമൃദ്ധി | 251770 | 0 |
| ആകെ | | 2215395 | | 2215395 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1120000 | ന്യൂ ലൈഫ് ഭവന പദ്ധതി | 1120000 | 0 |
| | | 807307 | ലൈഫ് ഭവന പദ്ധതി-2022 | 807307 | 0 |
| | | 480000 | ലൈഫ് സംമ്പൂർണ്ണ പാർപ്പിട പദ്ധതി എസ്.സി. | 480000 | 0 |
| | | 160000 | ന്യൂ ലൈഫ് എസ്.സി | 160000 | 0 |
| | | 327750 | സ്നേഹ സ്പർശം | 327750 | 0 |
| | | 500000 | ക്ഷീര സമൃദ്ധി | 500000 | 0 |
| ആകെ | | 3395057 | | 3395057 | |

| | 2020-21 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP-7 +RP-30 പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | 2021-22 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 355955 | 2215395 | 2571350 | 2215395 | 355955 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 324278 | 3395057 | 3719335 | 3395057 | 324278 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | കാവിൽ വിള റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 9 | 185000 | 0 | 185000 |
| | വെൺ പകൽ മാരാൻ വിള റോഡ് പൈപ്പ് ലൈൻ വാർഡ് 8 | 187000 | 0 | 187000 |
| IRRIGATION | തോപ്പുവിള ഇടത്തുമൂല ചാനൽ ബണ്ട് റോഡ് ഇറിഗേഷൻ ഡെപ്പോസിറ്റ് | 100000 | 0 | 100000 |
| | ആകെ | 472000 | 0 | 472000 |
| KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനം പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 478448 | 0 | 478448 |
| | ആകെ | 478448 | 0 | 478448 |
| കേരള ഭൂജല വകുപ്പ് | പുതിച്ചൽ യു.പി.എസ്സിൽ കുഴൽ കിണർ നിർമ്മാണം | 200000 | 0 | 200000 |

നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം (ധനകാര്യപത്രിക പ്രകാരം)

| എജൻസി | 2020-21 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | 2021-22 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 8992969 | 472000 | 9464969 | 0 | 9464969 |
| കെ.എസ്.ഇ.ബി | 2055626 | 478448 | 2534074 | 0 | 2534074 |
| കേരള ഭൂജല വകുപ്പ് | - | 200000 | 200000 | 0 | 200000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പാ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | നൽകിയ ഏജൻസി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ച വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | KURDFC | 11984729 | 600000 | 1452000 | 11132729 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ് / സർചാർജജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| മുന്നിരിപ്പ് | 26096089 |
| ഓഡിറ്റ് വർഷത്തെ വരവ് | 91474747 |
| ആകെ | 117570836 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 86030489 |
| നീക്കിയിരിപ്പ് | 31540347 |
| വരവിനങ്ങളുടെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 441923 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 441923 | ശ്രീ. റഹ്മത്തുള്ള .എ<br>സെക്രട്ടറി |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.റഹ്മത്തുള്ള.എ<br>സെക്രട്ടറി | സെക്രട്ടറി, അതിയന്നൂർ ഗ്രാമപഞ്ചായത്ത് | റ്റി സി 45/634-1,<br>ബീമാപള്ളി.<br>തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022 | 1 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022 | 2 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022 | 5 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022 | 1 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022 | 2 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1769/2022, തീയതി 10.10.2022 | 2 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/195/2018, തീയതി 3.7.2019 | 9 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/467/2020, തീയതി | 14 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1808/2021, തീയതി 2.3.2022 | 28 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം /ജി.പി 3/1809/2021, തീയതി 26.2.2022 | 25 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

ബി.റ്റി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്